2023
SEPTEMBER
20
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ആദ്യ മൂന്ന് സാമ്പത്തിക ശക്തികളിലൊന്നായി ഭാരതം മാറും; പ്രധാനമന്ത്രി

**ന്യൂഡൽഹി :** പുതിയ പാർലമെന്റിലേക്കു മാറുന്നതിനു മുന്നോടിയായി പഴയ മന്ദിരത്തിൽ അവസാന പ്രത്യേക സംയുക്ത സമ്മേളനത്തിൽ അനുഭവങ്ങൾ പങ്കിട്ട് നേതാക്കൾ. വികാരനിർഭര നിമിഷമാണിതെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തിനു ഗണേഷ ചതുർഥി ആശംസകൾ നേർന്നാണു മോദി പ്രസംഗം തുടങ്ങിയത്. പഴയ പാർലമെന്റ് മന്ദിരം ഇനി സംവിധാൻ സദൻ എന്നറിയപ്പെടുമെന്നും മോദി പറഞ്ഞു.



വികസിത ഇന്ത്യക്കായി പ്രതിജ്ഞ പുതുക്കിയാണു പഴയ മന്ദിരത്തിൽനിന്ന് പുതിയതിലേക്കു നമ്മൾ മാറുന്നത്. ഈ മന്ദിരത്തിലും സെൻട്രൽ ഹാളിലും നിറയെ ഓർമകളുണ്ട്. അതു നമ്മളെ വികാരഭരിതരാക്കുകയും കർത്തവ്യങ്ങൾ ഓർമിപ്പിക്കുകയും ചെയ്യുന്നു. 2047ൽ ഇന്ത്യയെ വികസിത രാജ്യമാക്കുമെന്ന പ്രതിബദ്ധത നാം പുതുക്കുകയാണ്. 1952 മുതൽ 41 ലോകനേതാക്കൾ സെൻട്രൽ ഹാളിനെ അഭിസംബോധന ചെയ്തു. 86 തവണ നമ്മുടെ രാഷ്ട്രപതിമാർ ഇവിടെ സംസാരിച്ചു.

ട്രാൻസ്ജെൻഡേഴ്സിന് ഉൾപ്പെടെ നീതിക്കായുള്ള നിയമനിർമാണങ്ങൾ ഇവിടെ നടന്നു. എല്ലാ നിയമങ്ങളും ചർച്ചകളും ഇന്ത്യയുടെ അഭിലാഷങ്ങൾ പ്രോത്സാഹിപ്പിക്കാനാകണം. ഇവിടെയുള്ള ചിലർക്കു സംശയമുണ്ടെങ്കിലും ആദ്യത്തെ മൂന്ന് സാമ്പത്തിക ശക്തികളിലൊന്നായി ഇന്ത്യ മാറുമെന്നതിൽ ലോകത്തിന് ആത്മവിശ്വാസമുണ്ട്. ഭാരതം ഇന്ന് ലോകത്തിലെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയാണ്. ആർട്ടിക്കിൾ 370 റദ്ദാക്കുന്നതിന് ഈ പാർലമെന്റ് സാക്ഷിയായി. ഭീകരവാദം, വിഘടനവാദം എന്നിവയെ നേരിടാൻ നിർണായക നീക്കമായിരുന്നു അത്.

ഭരണഘടന ഇവിടെയാണ് രൂപമെടുത്തത്. ദേശീയ ഗാനത്തിനും ദേശീയ പതാകയ്ക്കും അംഗീകാരം നൽകിയതും ഇവിടെ വച്ചാണ്. മുത്തലാഖ് നിരോധനത്തിനും ഇവിടം സാക്ഷിയായി. നാലായിരം നിയമങ്ങൾ ഈ മന്ദിരത്തിൽ നിർമിച്ചു. പുതിയ ഊർജത്തിൽ ഇന്ത്യ തിളങ്ങുകയാണ് പ്രധാനമന്ത്രി മോദി പറഞ്ഞു. രാജ്യസഭാ ചെയർമാന്റെയും ലോക്സഭാ സ്പീക്കറുടെയും അധ്യക്ഷതയിലായിരുന്നു പ്രത്യേക സമ്മേളനം.

കേന്ദ്രസർക്കാർ വനിതകൾക്ക് ഇന്ത്യയുടെ ഭാവിയിൽ തുല്യ പങ്കാളിത്തം നൽകുന്ന ഈ അവസരത്തിൽ പങ്കാളിയാകാൻ സാധിച്ചതിൽ അഭിമാനമെന്ന് ബിജെപി എംപി മനേക ഗാന്ധി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിലുള്ള സർക്കാരിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഈ ഘട്ടത്തിൽ അഭിമാനിക്കുന്നു. ആഴത്തിൽ വേരുപിടിച്ച ഈ അസമത്വം ക്രമീകരിക്കാൻ കഴിഞ്ഞു. ഇത് സ്ത്രീകൾക്ക് ഇന്ത്യയുടെ ഭാവിയിൽ തുല്യ പങ്കാളിത്തം നൽകും അവർ കൂട്ടിച്ചേർത്തു.

രാജ്യം നേരിടുന്ന വെല്ലുവിളികളെ യഥാസമയം നേരിടാനായാൽ 2047നു മുൻപ് ഇന്ത്യ വികസിത രാജ്യമായി മാറുമെന്ന് രാജ്യസഭയിലെ സഭാനേതാവ് പീയുഷ് ഗോയൽ. പറഞ്ഞു.

# ബിപിസിഎൽ സിബിജി പ്ലാന്റ് കൊച്ചിക്കു പുറമേ രണ്ട് നഗരങ്ങളിൽ കൂടി

**കൊച്ചി:** ബ്രഹ്മപുരത്തു നിർമിക്കുന്ന മാലിന്യത്തിൽ നിന്നു കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി) ഉൽപാദിപ്പിക്കുന്ന പ്ലാന്റിന്റെ വിശദ പദ്ധതി രേഖ (ഡിപിആർ) ഭാരത് പെട്രോളിയം കോർപറേഷൻ (ബിപസിഎൽ) അടുത്ത മാസം ഒന്നിന സംസ്ഥാന സർക്കാരിനു സമർപ്പിക്കും. കൊച്ചിക്കു പുറമേ സംസ്ഥാനത്തെ 2 നഗരങ്ങളിൽ കൂടി സമാനമായ പദ്ധതി ബിപിസിഎൽ നടപ്പാക്കിയേക്കും. ബ്രഹ്മപുരത്തെ ഭൂമിയുടെ സർവേ നടത്തി പദ്ധതിക്കായി 10 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മണ്ണ് പരിശോധന ഫലം, പദ്ധതിയുടെ ഡിപിആർ, മാലിന്യത്തിന്റെ നിലവാരവും അളവും സംബന്ധിച്ച കൊച്ചി കോർപറേഷന്റെ റിപ്പോർട്ട് എന്നിവ അടുത്തയാഴ്ച ലഭ്യമാകും.

അന്തിമ അനുമതി ലഭിച്ച ശേഷം പദ്ധതിയുടെ നിർമാണ ജോലികൾ ആരംഭിക്കും. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ്, എ!ൻജിനീയറിങ്, കൺസ്ട്രക്ഷൻ മാനേജ്മെന്റ് കൺസൽറ്റന്റായി എയ്റോക്സ് നൈജൻ എക്യുപ്മെന്റ്സ് ലിമിറ്റഡിനെ ഓഗസ്റ്റിൽ ബിപിസിഎൽ നിയോഗിച്ചിരുന്നു. മുഴുവൻ ചെലവും ബിപിസിഎൽ വഹിക്കുന്ന പദ്ധതിക്ക് 90 കോടി രൂപയാണു ചെലവ് പ്രതീക്ഷിക്കുന്നത്.

ബിപിസിഎൽ ചെയർമാനായ മലയാളി ജി. കൃഷ്ണകുമാർ പ്രത്യേകം താൽപര്യമെടുത്താണു സംസ്ഥാനത്തു സിബിജി പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നത്. തിരുവനന്തപുരം, തൃശൂർ, കണ്ണൂർ എന്നീ നഗരങ്ങളിൽ ഏതെങ്കിലും രണ്ടിടത്തു കൂടി സമാന പദ്ധതി നടപ്പാക്കുന്നതു പരിഗണനയിലാണ്. കോഴിക്കോട് പരിഗണനയിലുണ്ടായെങ്കിലും നിലവിൽ അവിടെ വൈദ്യുതി പദ്ധതി ആരംഭിക്കാൻ സോണ്ട ഇൻഫ്രാടെക്കിനു കരാർ നൽകിയിരിക്കുകയാണ്.

കോട്ടയം ജില്ലയിൽ മാലിന്യത്തിൽ നിന്ന് ഊർജം ഉൽപാദിപ്പിക്കുന്ന പദ്ധതി സംബന്ധിച്ചു ചങ്ങനാശേരിയിൽ ജനപ്രതിനിധികളുമായി ഗെയ്ൽ ഇന്നലെ ചർച്ച നടത്തി. സിബിജി പദ്ധതികളിൽ ഗെയ്ൽ നേരത്തേ താൽപര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും ഭൂമി ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും അനുകൂലമായി പ്രതികരിച്ചിരുന്നില്ല.

# യുപിഐ വഴിയുള്ള വായ്പാ സേവനം തുടങ്ങി

**ന്യൂഡൽഹി:** ക്രെഡിറ്റ് കാർഡുകൾക്ക് പകരം യുപിഐ വഴി തന്നെ വായ്പാ സേവനം ലഭ്യമാക്കുന്ന ’യുപിഐ നൗ, പേ ലേറ്റർ’ സംവിധാനം ബാങ്കുകൾ നടപ്പാക്കിത്തുടങ്ങി. എച്ച്ഡിഎഫ്സി!, ഐസിഐസിഐ ബാങ്കുകളാണ് സേവനം ആദ്യഘട്ടത്തിൽ ലഭ്യമാക്കുന്നത്. പിന്നാലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ), പഞ്ചാബ് നാഷനൽ ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവയുമെത്തും. കൂടുതൽ വിവരങ്ങൾക്ക് അതത് ബാങ്കുകളുമായി ബന്ധപ്പെടുക.



ക്രെഡിറ്റ് കാർഡ് വഴി വായ്പ അനുവദിക്കുന്നതു പോലെ ബാങ്ക് ക്രെഡിറ്റ് ലൈൻ എന്ന പേരിൽ വായ്പ അനുവദിക്കും. ക്രെഡിറ്റ് കാർഡിലേതു പോലെ പ്രതിമാസ ക്രെഡിറ്റ് ലിമിറ്റുണ്ടാകും. ഉദാഹരണത്തിന് എച്ച്ഡിഎഫ്സിയുടേത് 50,000 രൂപയാണ്. ഈ ക്രെ!ഡിറ്റ് ലൈൻ, ഇഷ്ടമുള്ള യുപിഐ ആപ്പുമായി ബന്ധിപ്പിക്കാം. നിലവിൽ ഭീം ആപ്പിലാണ് സൗകര്യം. വൈകാതെ ഗൂഗിൾ പേ, പേയ്ടിഎം, ഫോൺപേ തുടങ്ങി ഏത് ആപ് വഴിയും തുക ചെലവഴിക്കാൻ വഴിയൊരുങ്ങും. ക്രെഡിറ്റ് കാർഡിലേതു പോലെ മാസാവസാനം ഉപയോഗിച്ച അത്രയും തുക തിരിച്ചടയ്ക്കണം.



# കപ്പകൃഷിക്ക് ഭീഷണിയായി രോഗബാധ



**കുറവിലങ്ങാട് :** ഏതു സീസണിലും ചെയ്യാവുന്ന മരച്ചീനി കൃഷിയും നഷ്ടത്തിലേക്ക്. മരച്ചീനി കൃഷിക്കു ഭീഷണിയായി ഇത്തവണയും ചീയൽ രോഗം. കോളർ റോട്ട്, കുമിൾ രോഗം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന രോഗം തുടർച്ചയായി എത്താൻ തുടങ്ങിയതോടെ കളത്തൂർ, കണിയോടി, പാച്ചച്ചിപ്പീടിക തുടങ്ങിയ ഭാഗങ്ങളിലെ പകുതിയിലധികം കർഷകർ മരച്ചീനി കൃഷി നിർത്തി. പച്ചക്കറികൾ ഉൾപ്പെടെ മറ്റു കൃഷികളിലേക്കു മാറി.

വെളിയന്നൂർ പഞ്ചായത്തിലെ ഒരു കർഷകൻ കഴിഞ്ഞ ദിവസം പിഴുതുമാറ്റിയത്, ഏതാനും ദിവസം മുൻപ് നട്ട ആയിരത്തിലധികം മൂട് കപ്പ. മുള വന്ന ശേഷം കറുപ്പ് ബാധിച്ചു ചീഞ്ഞു പോകുകയാണ്. പുതിയ തണ്ട് എത്തിച്ചു കൃഷി വീണ്ടും തുടങ്ങിയിരിക്കുകയാണ് ഇപ്പോൾ. കപ്പ വളർന്നതിനു ശേഷം കാണുന്ന ചീയൽ രോഗമാണ് കളത്തൂർ മേഖലയിൽ കണ്ടെത്തിയത്. മുള പൊട്ടിയ സമയത്തു തന്നെ രോഗം ബാധിച്ച സംഭവം ആണ് വെളിയന്നൂരിൽ കണ്ടത്. മരങ്ങാട്ടുപിള്ളി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും രോഗബാധ കണ്ടെത്തിയിട്ടുണ്ട്.

കാലാവസ്ഥ വ്യതിയാനവും രോഗബാധയും വർധിച്ചതോടെ മരച്ചീനിക്കൃഷിയിൽ പുതിയ പരീക്ഷണങ്ങൾ നടത്തിയ കർഷകർ നട്ട പുതിയ ഇനങ്ങളെയും രോഗം ബാധിച്ചു. കഴിഞ്ഞ വർഷം ചീയൽ രോഗം ബാധിച്ചു മരച്ചീനിക്കൃഷി വ്യാപകമായി നശിച്ചതോടെയാണ് തിരുവനന്തപുരം ശ്രീകാര്യം കിഴങ്ങുവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത വിവിധ ഇനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തത്. മരങ്ങാട്ടുപിള്ളി പ്രതീക്ഷ ക്ലസ്റ്ററിന്റെ നേതൃത്വത്തിൽ കുമരകം കാർഷിക സർവകലാശാല കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ നടത്തിയ കൃഷിയുടെ ആദ്യഘട്ടം വിജയമായിരുന്നു. പക്ഷേ ഇത്തവണ ചീയൽ രോഗം ഇവയെയും ബാധിച്ചതായി കർഷകർ പറയുന്നു.

തിരുവനന്തപുരം ശ്രീകാര്യം കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ വിദഗ്ധർ ഉൾപ്പെടെ സന്ദർശനം നടത്തിയെങ്കിലും മരച്ചീനിയുടെ രോഗ കാരണം ഇപ്പോഴും വ്യക്തമല്ല. ഫംഗസ് ആക്രമണം ഉൾപ്പെടെ സംശയിക്കുന്നു. മണ്ണിന്റെ സ്വഭാവം ക്രമാതീതമായ മാറിയതും രോഗകാരണമായി പറയപ്പെടുന്നു. രാസവളം, കളനാശിനി തുടങ്ങിയവയുടെ ഉപയോഗം വർധിച്ചതോടെ മണ്ണിന്റെ ഘടന തന്നെ മാറി. കൂന കൂട്ടി നടുന്ന മരച്ചീനിയിലാണ് രോഗബാധ കൂടുതൽ. മണ്ണിനു രണ്ടോ മൂന്നോ വർഷം വിശ്രമം നൽകണമെന്നും ശാസ്ത്രീയ പരിശോധന നടത്തണമെന്നും കൃഷി വകുപ്പ് പറയുന്നു.

കുറവിലങ്ങാട് കോഴാ ഭാഗത്തു ജില്ല മണ്ണ് പരിശോധന കേന്ദ്രത്തിൽ ഇതിനു ആവശ്യമായ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ചീയൽ രോഗം ഇത്തവണയും വ്യാപകമാണ്. ഈ വർഷം മുതൽ നട്ടു മുള പൊട്ടിയ മരച്ചീനിയിൽ പോലും രോഗബാധ കണ്ടെത്തി എന്ന പ്രത്യേകത ഉണ്ട്. പരിഹാര നടപടി ഉണ്ടായില്ലെങ്കിൽ മരച്ചീനി കൃഷി ഉപേക്ഷിക്കുന്ന കർഷകരുടെ എണ്ണം ഇനിയും വർധിക്കും.

# പള്ളിവാസൽ ജലവൈദ്യുതി പദ്ധതി: പെൻ സ്റ്റോക്ക് പൈപ്പ് സ്ഥാപിച്ചു, വിപുലീകരണം അന്തിമഘട്ടത്തിൽ



**മൂന്നാർ:** പള്ളിവാസൽ ജലവൈദ്യുതി വിപുലീകരണ പദ്ധതി നിർമാണം അന്തിമഘട്ടത്തിൽ. പദ്ധതി ഭാഗമായുള്ള പെൻ സ്റ്റോക്ക് പൈപ്പ് സ്ഥാപിക്കുന്നതു കഴിഞ്ഞ ദിവസം പൂർത്തിയായി. പവർഹൗസിലെ രണ്ട് ജനറേറ്ററുകൾ സ്ഥാപിക്കുന്നതു പൂർത്തിയായ ശേഷം ജനുവരിയിൽ പദ്ധതി കമ്മിഷൻ ചെയ്യാനാണു വൈദ്യുതി വകുപ്പിന്റെ തീരുമാനം. പുതിയ ജലവൈദ്യുതി പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടെ 60 മെഗാവാട്ട് വൈദ്യുതി കൂടി ഉൽപാദിപ്പിക്കാൻ കഴിയും. നിലവിൽ പള്ളിവാസൽ ജലവൈദ്യുതി പദ്ധതി പ്രകാരം 37.5 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്.

മാട്ടുപ്പെട്ടിയിൽ വൈദ്യുതി ഉൽപാദനശേഷം പുറന്തള്ളുന്ന വെള്ളം പഴയ മൂന്നാർ ഹെഡ് വർക്സ് ഡാമിൽ തടഞ്ഞു നിർത്തി പള്ളിവാസലിൽ എത്തിച്ചാണു നിലവിൽ വൈദ്യുതി ഉൽപാദനം നടത്തുന്നത്. വൈദ്യുതി ഉൽപാദനത്തിനു ശേഷം ഹെഡ് വർക്സ് ഡാമിൽ നിന്നു പുറന്തള്ളുന്ന വെള്ളം ഉപയോഗിച്ച് 60 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി 2007 ജനുവരി 20നാണ് വിപുലീകരണ പദ്ധതി നിർമാണം ആരംഭിച്ചത്.

175.86 കോടി രൂപയായിരുന്നു അടങ്കൽ തുക. എന്നാൽ വിവിധ കാരണങ്ങൾ മൂലം അടങ്കൽ തുക 430 കോടി രൂപ വരെ ഉയർത്തിയിരുന്നു. പദ്ധതി കമ്മിഷൻ ചെയ്യുമ്പോൾ ഈ തുക വീണ്ടും ഉയരുമെന്നാണു കരുതുന്നത്. വിപുലീകരണ പദ്ധതിയുടെ ഭാഗമായി മുതിരപ്പുഴയിൽ പഴയ മൂന്നാർ ഹൈഡൽ പാർക്കിനു സമീപമാണ് ഇൻടേക്ക് വാൽവ് നിർമിച്ചിരിക്കുന്നത്.

ഇവിടെനിന്നു ടണൽ വഴി വെള്ളം മീൻ കെട്ടിലുള്ള വാൽവ് ഹൗസിലെത്തിക്കും. ഇവിടെ നിന്നു വെള്ളം പെൻ സ്റ്റോക്ക് പൈപ്പുവഴി നിലവിലെ പവർഹൗസിനു സമീപം നിർമിച്ച പുതിയ പവർ ഹൗസിലെത്തിച്ചു വൈദ്യുതി ഉൽപാദിപ്പിക്കുന്നതാണു പദ്ധതി.



# അമൃതം പൊടിയിൽ രുചി വിഭവങ്ങളുമായി പോഷൺ മാ 2023

**തൃശൂർ:** അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന അമൃതം പൊടിയിൽ വിവിധ വിഭവങ്ങൾ ഒരുക്കി പെരിങ്ങോട്ടുകുറുശ്ശിയിൽ 'പോഷൺ മാ 2023'. കുഴൽമന്ദം ഐ.സി.ഡി.എസിന് കീഴിലെ പെരിങ്ങോട്ടുകുറിശ്ശിയിലെ 26 അങ്കണവാടികൾ സംയുക്തമായാണ് പോഷകാഹാര പ്രദർശനം സംഘടിപ്പിച്ചത്. അമൃതം പൊടി ഉപയോഗിച്ച് ബിസ്‌ക്കറ്റ്, കേക്ക്, നൂഡിൽസ്, പത്തിരി, ദോശ, കട്‌ലറ്റ്, വടകൾ, മിഠായി, പായസം, ഇലയട, മിക്സ്ചർ തുടങ്ങി നിരവധി വിഭവങ്ങളാണ് തയ്യാറാക്കിയത്. പോഷക ഗുണമുള്ള ഇലക്കറികളും തയ്യാറാക്കി. അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, കുട്ടികളുടെ അമ്മമാർ എന്നിവർ ചേർന്നാണ് അമൃതം പൊടിയിൽ വിഭവങ്ങൾ തയ്യാറാക്കിയത്.

പോഷകാഹാര പ്രദർശനത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. കേരളകുമാരി നിർവഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രമണി അധ്യക്ഷയായി. മുൻ എം.എൽ.എയും പഞ്ചായത്തംഗവുമായ എ.വി ഗോപിനാഥ് മുഖ്യപ്രഭാഷണം നടത്തി. കുഴൽമന്ദം സി.ഡി.പി.ഒ ഗീത പദ്ധതി വിശദീകരണം നടത്തി. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ദീപ, കമലം, ഇ.ആർ രാമദാസ്, സുനിത, സെക്രട്ടറി ഹരിമോഹൻ ഉണ്ണികൃഷ്ണൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ കുമാരി, മുതിർന്ന അങ്കണവാടി വർക്കർ പ്രേമ തുടങ്ങിയവർ പങ്കെടുത്തു.



### കർഷകരെ ആശങ്കയിലാക്കി

# ആഫ്രിക്കൻ ഒച്ച്, വെട്ടുകിളി ശല്യം

**രാജകുമാരി:** കാലാവസ്ഥ വ്യതിയാനവും വിലയിടിവും പ്രതിസന്ധിയിലാക്കിയ ഹൈറേഞ്ചിലെ കാർഷിക മേഖലയിൽ ഇരട്ടി പ്രഹരമായി ആഫ്രിക്കൻ ഒച്ച്, വെട്ടുകിളി ശല്യവും. 2 വർഷത്തോളമായി ബൈസൺവാലി മുട്ടുകാട് മേഖലകളിൽ വ്യാപകമായിരുന്ന ആഫ്രിക്കൻ ഒച്ച് സമീപ പഞ്ചായത്തുകളിലേക്കും വ്യാപിക്കുന്നത് കർഷകരെ ആശങ്കയിലാക്കുന്നു.

2 വർഷം മുൻപ് രാജാക്കാട് മാരാർസിറ്റിക്ക് സമീപം വെട്ടുകിളികൾ വ്യാപക കൃഷിനാശമുണ്ടാക്കിയിരുന്നു. ഇപ്പോൾ ഹൈറേഞ്ചിലെ പല ഭാഗങ്ങളിലും വ്യാപകമായിട്ടുണ്ട്. വെട്ടുകിളികൾ കൂട്ടമായെത്തുമ്പോഴാണ് കൃഷിനാശം സംഭവിക്കുന്നത്. ഒന്നോ രണ്ടോ വെട്ടുകിളികളെ കൃഷിയിടത്തിൽ കണ്ടാലും ആരും സാരമാക്കാറില്ല. എന്നാൽ വെട്ടുകിളി കൂട്ടങ്ങൾ സമീപ പ്രദേശങ്ങളിലുണ്ടെന്നതിന്റെ ലക്ഷണമാണിതെന്ന് വിദഗ്ധർ പറയുന്നു. പെട്ടെന്ന് പെരുകുന്ന വെട്ടുകിളികൾ പൂർണവളർച്ചയെത്തുമ്പോൾ കൂട്ടമായെത്തി കൃഷി നശിപ്പിക്കും.

തീറ്റ തേടി എത്ര കിലോമീറ്റർ വരെ സഞ്ചരിക്കാനും ഇവയ്ക്കു കഴിയും. 7 സെന്റിമീറ്റർ വരെയാണ് ഇവയുടെ നീളം. ഒരു വെട്ടുകിളി 300 മുട്ട വരെ ഇടും. 3 മുതൽ 5 മാസം വരെയാണ് വെട്ടുകിളിയുടെ ആയുസ്സ്. ഏലം, കുരുമുളക്, കാക്കോ, വാഴ, തെങ്ങ് തുടങ്ങി കന്നുകാലികൾക്കുള്ള പുൽക്കൃഷിക്കു വരെ വെട്ടുകിളികൾ ഭീഷണിയാണ്. തുക്കുമിൻ കീടനാശിനി പ്രയോഗമാണ് വെട്ടുകിളികളെ പ്രതിരോധിക്കാനുള്ള മാർഗം.

# നൂതന കാർഷിക വികസന പദ്ധതികളുമായി ഇൻഫാം അഗ്രിഫാം



കോഴിക്കോട് ജില്ലയിലെ കൊടഞ്ചേരി പഞ്ചായത്തിൽ തെയ്യപ്പാറയിലെ എട്ടേക്കർ വരുന്ന ഇൻഫാം അഗ്രിഫാമിലെ അതിനൂതന കാർഷിക വികസന പദ്ധതികൾ കർഷകർക്കു പുത്തൻ പ്രതീക്ഷയാകുന്നു.

താമരശേരി രൂപതയുടെ എട്ടേക്കർ വരുന്ന ഭൂമി പാട്ടത്തിനെടുത്താണ് ഇൻഫാം പദ്ധതി നടപ്പാക്കുന്നത്. നിറഞ്ഞ പച്ചപ്പിൽ തലയെടുപ്പോടെ നിൽക്കുന്ന പ്ലാവിൻ തൈകൾ, ഇടവിളയായി കപ്പ, ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ... കർഷക മനസുകളിൽ കുളിര് പകരുന്ന കാഴ്ചകൾ.

താമരശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലിൻറെ കർഷകരക്ഷ എന്ന ആശയത്തിലൂന്നിയാണ് ഇൻ ഫാമിൻറെ പുതിയ ചുവടുവയ്പ്.എട്ടേക്കറിൽ 3000 പ്ലാവുകളാണ് ഇൻഫാം സ്വന്തമായി നട്ടു വളർത്തു ന്നത്. കോണ്ടൂർ ലൈനിൽ 12 അടി അകലത്തിലാണ് പ്ലാവുകൾ നട്ടിരിക്കുന്നത്.

വിയറ്റ്നാം സൂപ്പർ എർലി, ജാക്ക് 33, കുരുവില്ലാ ചക്ക, അരക്കില്ലാ വരിക്ക, ടെൻ സൂര്യ, സിന്ധൂർ, കംപോഡിയൻ ജാക്ക് എന്നിവ യാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇവിടെ ഉത്പാദിപ്പിക്കുന്ന ചക്ക അടുത്ത വർഷം മുതൽ കയറ്റുമതി ചെയ്യാനാണ് ഉദ്ദേശം.

കർഷകരിൽ നിന്നു ചക്ക വില കൊടുത്തു വാങ്ങാ നും പദ്ധതിയുണ്ട്. അങ്ങനെ വാങ്ങുന്ന ചക്ക, വലിയ കണ്ടെയിനറുകളിൽ ശീതികരണ സംവിധാനമൊരുക്കി ദീർഘകാലം സൂക്ഷിച്ച് കാലിത്തീറ്റ, പന്നി തീറ്റ, കോഴിത്തീറ്റ എന്നിവയുടെ പെല്ലറ്റുകളാക്കി മാറ്റും.

പ്ലാവ് കൃഷിയി ലൂടെ കർഷകർക്ക് അധിക വരുമാന മാണ് ഇതിലൂടെ ഇൻഫാം ലക്ഷ്യമിടുന്നത്. അബിയു, ജബോട്ടിക്ക റമ്പൂട്ടാൻ, മങ്കോസ്റ്റിൻ മരമുന്തിരി, കെപ്പൽ തുടങ്ങിയ പഴവർഗങ്ങളുടെ മാതൃ വൃക്ഷങ്ങളും അഗ്രി ഫാമിൽ കൃഷി ചെയ്യുന്നുണ്ട്.



ജലസേചനത്തിന് അത്യാധുനിക സ്പ്രിംഗ്ളർ സംവിധാന മുണ്ട്. നടുവിൽ 22 മീ. നീളവും 11 മീ. വീതിയും 3 മീ. ആഴവുമുള്ള മീൻ കുളവുമുണ്ട്.

പ്രത്യേകതരം പ്ലാസ്റ്റിക് ഷീറ്റ് ഉപയോ ഗിച്ചു നിർമിച്ചിരിക്കുന്ന കുളത്തിൽ 2,50,000 ലിറ്റർ വെള്ളം കൊള്ളും. ചിത്രലാഡ, നട്ടർ ഇനങ്ങളിൽപ്പെട്ട രണ്ടായിരത്തോളം മത്സ്യങ്ങൾ കുളത്തിലുണ്ട്.

ഇൻഫാമിൻറെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിത്തുബാങ്കും അത്യാധുനിക തൈകളുടെ വിപുല മായ ശേഖരമുള്ള നഴ്സറിയും കർഷ കർക്ക് ഏറെ ആശ്വാസമാണ്.

ഗുണമേ ന്മയുള്ള നല്ല വിത്തുകളും നടീൽ വസ്തുക്കളും കിട്ടാതെ കർഷകർ കബളിപ്പിക്കപ്പെടുന്ന സാഹചര്യ ത്തിലാണ് ഇൻഫാം കാർഷിക നഴ്സറി തുടങ്ങിയത്.

എല്ലാത്തരം പഴവർഗങ്ങളുടെയും വിവിധ ഇനങ്ങളിൽപ്പെട്ട തെങ്ങ്, പ്ലാവ്, മാവ് തുടങ്ങി 150 തരം ഫലവൃക്ഷ തൈകളും നഴ്സറിയിലുണ്ട്.

സംഘങ്ങളിലുള്ള കർഷകർക്ക് കുറഞ്ഞ വിലയ്ക്കു തൈകൾ ലഭ്യ മാക്കും. ആഴ്ചതോറും 125 കാർഷിക ഗ്രാമങ്ങളിൽ തൈകൾ നേരിട്ട് എത്തിച്ചു കൊടുക്കാനും ഇൻഫാം പദ്ധതി തയാറാക്കി വരികയാണ്.

ആര്യവൈദ്യ ഔഷധശാലകളിലെ ഔഷധസസ്യങ്ങളുടെ വേസ്റ്റും ഡൈ ക്കോഡർമ, സ്യൂഡോമോണസ്, സീവീഡ് പൗഡറും വൗ പോലെ സസ്യവളർച്ചയ്ക്ക് ആവശ്യമുള്ള വസ്തുക്കളും 12ൽ അധികം മൂലകങ്ങളും അടങ്ങിയ ജൈവവളം ഇൻഫാം മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

100 ചാക്കിന് ആവശ്യക്കാരുണ്ടെങ്കിൽ കേരളത്തിലെവിടെയും വാഹന ചെലവില്ലാതെ വളം എത്തിച്ചുകൊടുക്കും. കോഴി ക്കോട് ജില്ലയിലെ 60 ഓളം കാർഷിക ഗ്രാമങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പ്രത്യേക കാർഷിക സംഘങ്ങളും ഇൻഫാമിൻറെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

കേന്ദ്ര ഗവൺമെൻറിൻറെ വിവിധങ്ങളായ പദ്ധതികൾ നബാർഡ് വഴി കർഷകർക്ക് കോഓപ്പറേറ്റീവ് മേഖല യിലൂടെ ലഭ്യമാക്കുന്നതിന് താമരശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോ ഷ്യൽ വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി ഡി 3378 നമ്പറോടെ ഇൻഫാം താമരശേരി കാർഷിക ജില്ലയിൽ പ്രവർത്തനമാരംഭിച്ചു.

കർഷകർക്കു മിതമായ പലിശ നിരക്കിൽ വായ്പ നൽകുന്നതിനും വിവിധ കാർഷിക ഗ്രാമങ്ങളിൽ തുടങ്ങുന്ന മിനിയേച്ചർ സംഘങ്ങൾ മൂല്യ വർധിത ഉത്പന്നങ്ങളും ചെറു കിട സംരംഭങ്ങളും തുടങ്ങുന്ന തിന് ലോൺ നൽകുന്നതിനും അതുവഴി കർഷക ക്ഷേമം ഉറപ്പുവരുത്തുന്നതിനുമാണ് ഇൻഫാം ലക്ഷ്യമിടുന്നത്.

ഇൻഫാമിന് ലഭിച്ച കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് കോഴിക്കോട് ജില്ലയാണ് പ്രവർത്തന പരിധി. പിന്നീട് മലപ്പുറം, വയനാട് കണ്ണൂർ കാസർ ഗോഡ് എന്നീ ജില്ലകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ ആലോചനയുണ്ട്.

ക്രമേണ ഫാം ടൂറിസം, പെല്ലറ്റ് ഫാക്ടറി, ഡയറി ഫാം എന്നിവയിലൂടെ നൂറുകണക്കിന് തൊഴിൽ സാധ്യതകളും ഇൻഫാം ലക്ഷ്യം വയ്ക്കുന്നുണ്ട്.

ഇൻഫാമിൻറെ താമരശേരി കാർഷിക ജില്ല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് താമരശേരി കാർഷിക ജില്ല ഡയറക്ടറും തെയ്യപ്പാറ പള്ളി വികാരിയുമായ ഫാ. ജോസ് പെണ്ണാപറമ്പിലും റിട്ട. ഹെഡ്മാസ്റ്ററും തികഞ്ഞ കർഷകനും കാർഷിക ജില്ല പ്രസിഡൻറുമായ അഗസ്റ്റിൻ പുളിക്കകണ്ടത്തിലുമാണ്.

ഇവരോ ടൊപ്പം ജില്ലാ സെക്രട്ടറി ജോൺ കുന്നത്തേട്ട്, ട്രഷറർ ബോണി നമ്പ്യാപറമ്പിൽ, വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങുംതോട്ടത്തിൽ എന്നിവർ അടങ്ങുന്ന 15 അംഗ ജില്ല എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു.



# പാഷൻ ഫ്രൂട്ടിന് നല്ലകാലം

ആവശ്യക്കാരേറിയതോടെ കിഴക്കൻ മേഖലയിലെ നിരവധി പച്ചക്കറി കർഷകർ പാഷൻ ഫ്രൂട്ട് കൃഷിയിലേയ്ക്ക് കടന്നു. ഡെങ്കിപ്പനിക്കാരിലെ രക്താണുവിന്റെ കൗണ്ട് കൂട്ടിയെടുക്കുന്നതിന് ഡോക്ടർമാർ പാഷൻ ഫ്രൂട്ട് കഴിക്കാൻ നിർദേശിക്കുന്നുണ്ട്. അങ്ങിനെയാണ് വലിയ പ്രിയമില്ലാതിരുന്ന പാഷൻ ഫ്രൂട്ടിന്റെ കാലം തെളിഞ്ഞത്. കൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും കൃഷിവകുപ്പും സജീവമായി രംഗത്തുമുണ്ട്.കൃഷിക്ക് വലിയ പരിചരണം വേണ്ട, കീടബാധ നന്നേ കുറവ്. നല്ല ഇനത്തിൽ നിന്ന് നല്ല വിളവ്. അങ്ങിനെ ഗുണഗണങ്ങൾ ഏറെ.

ഇപ്പോൾ കിലോ നൂറുരൂപവരെ വിലയും കിട്ടും. മു?റ്റത്ത് നട്ട് ടെറസിൽ പന്തലിട്ടാൽ വീടിനകത്ത് നല്ല കുളിർമ കിട്ടും. ഈർപ്പവും ജൈവാംശവും ഉള്ള മണ്ണിൽ നന്നായി വളരും. പാഷൻ ഫ്രൂട്ടിൽ നിന്നു വേർതിരിച്ചെടുക്കുന്ന പാസിഫ്ളോറിൻ എന്ന ഘടകം മാനസിക സമ്മർദം അക?റ്റാൻ സഹായിക്കുമെന്ന് പഠനങ്ങൾ പറയുന്നു. വയല?റ്റ്, മഞ്ഞ എന്നീ നിറങ്ങളിലാണ് പാഷൻ ഫ്രൂട്ടുള്ളത്. മഞ്ഞയ്ക്ക് പുളി കൂടുതലാണ്. വയല?റ്റിന് മധുരം പുളിക്ക് മുന്നിൽ നിൽക്കും. നല്ല വിളവിന് ചെടിക്ക് ഒന്നര വർഷത്തെ വളർച്ച വേണം. പ്രധാന വിളവെടുപ്പുകാലം മേയ് ജൂൺ, സെപ്തംബർ ഒക്ടോബർ മാസങ്ങളാണ്. ഒരു വള്ളിയിൽനിന്നു ശരാശരി വിളവ് 78 കിലോഗ്രാം കായ്കൾ ലഭിക്കും.മൂല്യവർദ്ധന ഉത്പന്നങ്ങൾ സുലഭം. കിലോഗ്രാമിന് 60 മുതൽ 90 രൂപ വരെ വില ലഭിക്കുന്നുമുണ്ട്. ധാരാളം മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കാമെന്നതാണു പാഷൻ ഫ്രൂട്ടിനെ താരമാക്കിയത്. ജ്യൂസും ജെല്ലിയും സ്ക്വാഷും നിർമിക്കാൻ പാഷൻ ഫ്രൂട്ട് നല്ലതാണ്. ജീവകം സി, എ എന്നിവ കൂടിയ അളവിൽ അടങ്ങിയിട്ടുണ്ട്. മണവും നിറവും കൂട്ടാൻ രാസവസ്തുക്കൾ ആവശ്യമില്ലെന്നതാണു മ?റ്റൊരു പ്രത്യേകത. നീരു പിഴിഞ്ഞെടുത്ത് പഞ്ചസാരയും വെള്ളവും ചേർത്തും കഴിക്കാം. പുറന്തോട് ഉണക്കി വറുത്ത് കൊണ്ടാട്ടമായി ഉപയോഗിക്കുന്നവരുമുണ്ട്. വിത്ത് പാകിയും തണ്ട് മുറിച്ചു നട്ടും നടാം. വിത്ത് മുളപ്പിച്ച തൈകളാണ് കൂടുതൽ നല്ലത്. വിത്ത് എളുപ്പത്തിൽ മുളയ്ക്കാൻ ഒരു ദിവസം നാരങ്ങാനീരിൽ ഇട്ടു വയ്ക്കാം. മണ്ണും ചാണകപ്പൊടിയും ചകിരിച്ചോറും ചേർത്ത് ചട്ടിയിലും നടാം.

# രണ്ടാം വന്ദേഭാരത് റൂട്ട് സംബന്ധിച്ച തീരുമാനം ഉടൻ

**പാലക്കാട് :** കേരളത്തിനുള്ള രണ്ടാമത്തെ വന്ദേഭാരത് എക്സ്പ്രസ് ദക്ഷിണ റെയിൽവേയുടെ ചെന്നൈ ബേസിൻ ബ്രിജ് യാർഡിൽ പ്രധാനമന്ത്രിയുടെ ഒ!ാഫിസിൽ നിന്നുള്ള പച്ചക്കൊ!ാടി കാത്തു കിടക്കുകയാണ്. റൂട്ട് സംബന്ധിച്ച തീരുമാനം അവിടെനിന്ന് ഉണ്ടാകുമെന്നാണു വിവരം.




പല അഭ്യൂഹങ്ങളുണ്ടെങ്കിലും വന്ദേഭാരതിന്റെ സമയവും റൂട്ടും സംബന്ധിച്ചു ദക്ഷിണ റെയിൽവേയിലെ ഉന്നത ഉദ്യേ!ാഗസ്ഥർക്കു പോലും ഔദ്യോഗിക വിവരം ലഭിച്ചിട്ടില്ല. പാലക്കാട് ഡിവിഷനു കീഴിൽ ഓടും എന്നതു മാത്രമാണു സ്ഥിരീകരിച്ച വിവരം. റെയിൽവേ ബോ!ാർഡ് നിർദേശിച്ചതനുസരിച്ചു മംഗളൂരുവിലെ സൗകര്യങ്ങളെക്കുറിച്ചു പാലക്കാട് ഡിവിഷൻ കഴിഞ്ഞ മാസം റിപ്പോർട്ട് നൽകിയിരുന്നു.

ഏതു സമയവും തീരുമാനം പ്രതീക്ഷിക്കാം എന്നു മാത്രമാണ് ഉദ്യോഗസ്ഥരുടെ പ്രതികരണം. കേരളത്തിന് ആദ്യ വന്ദേഭാരത് അനുവദിച്ചതും ഇതേ രീതിയിലായിരുന്നു. നിലവിൽ കാസർകോട് തിരുവനന്തപുരം റൂട്ടിൽ വന്ദേഭാരത് എക്സ്പ്രസ് ഓടുന്നതിനാൽ രണ്ടാമത്തേതു മംഗളൂരു മുതൽ എറണാകുളം വരെയാകുമെന്ന അഭ്യൂഹമാണു ശക്തം.

യാത്രക്കാർക്കു കൂടുതൽ ഉപകാരപ്പെടുക ഇതുതന്നെ എന്നാണു റെയിൽവേ ഉദ്യോഗസ്ഥരുടെയും വിലയിരുത്തൽ. എന്നാൽ, കർണാടകയിലെ താൽപര്യം കൂടി തീരുമാനത്തിൽ പ്രതിഫലിക്കാനാണു സാധ്യത. സ്റ്റോപ്പുകൾ കുറച്ച് ആലപ്പുഴ വഴി തിരുവനന്തപുരത്തേക്ക് ഓടിക്കാമെന്ന നിർദേശവും ഉയർന്നിട്ടുണ്ട്. ദിവസം 4 മണിക്കൂറോളം ട്രെയിനിന്റെ പരിപാലനത്തിനു വേണമെന്നതിനാൽ അതിനു യോജിച്ച റൂട്ടായിരിക്കും തിരഞ്ഞെടുക്കുകയെന്ന് അധികൃതർ പറഞ്ഞു.

# പമ്പിംഗ് സബ്സിഡി കുടിശിക തീർക്കണമെന്ന് പമ്പിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ

**മങ്കൊമ്പ്:** കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ നിലമൊരുക്കലിൻറെ ഭാഗമായി വെള്ളം വറ്റിക്കുന്നതിനു സർക്കാരിൽനിന്നു ലഭിക്കേണ്ട പമ്പിംഗ് സബ്സിഡി കുടിശിക അടിയന്തരമായി തന്നു തീർക്കണമെന്ന് പമ്പിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. മങ്കൊമ്പിൽ നടന്ന അസോസിയേഷൻ യോഗത്തിലാണ് ആവശ്യമുന്നയിച്ചത്.




നിരവധി കടമ്പകൾ താണ്ടിയാണ് പമ്പിംഗിനുള്ള കരാർ ഏൽക്കുന്നത്. പുഞ്ച സ്പെഷൽ ഓഫീസിൽ നടക്കുന്ന പരസ്യ ലേലത്തിൽ എഗ്രിമെൻറ് വച്ചു ലേലം ഏൽക്കണം. തുടർന്ന് നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കണം. കൃഷിയുടെ അവസാനം വിളവെടുപ്പിനുശേഷം ആവശ്യമായ ഉദ്യോഗസ്ഥരുടെ സമ്മതപത്രമടക്കം ബില്ലുകൾ സമർപ്പിക്കണം. ഇതിനായി പാടശേഖരസമിതി, കൃഷി ഓഫീസ്, വില്ലേജ് ഓഫീസ്, പുഞ്ച സ്പെഷ്യൽ ഓഫീസ്, വൈദ്യുതി വകുപ്പ്, താലൂക്ക് ഓഫീസ് തുടങ്ങിയ ഓഫീസുകൾ കയറിയിറങ്ങണം. ഇതിനു മാസങ്ങളെടുക്കും.

ഇത്തരം നടപടികൾ പൂർത്തിയാക്കിയിട്ടും മൂന്നുവർഷം വരെയുള്ള സബ്സിഡിത്തുക കുടിശികയായി തുടരുകയാണ്. 202122 വർഷത്തിൽ പാസാക്കിയ 600 ൽപരം ബി ഫാറങ്ങളിൽ 200 എണ്ണം മാത്രമാണ് ബില്ലുകൾ പാസായി തുക ലഭിച്ചിട്ടുള്ളത്. രണ്ടു കൃഷിയിറക്കുന്ന പാടശേഖരങ്ങളിൽ ഇരട്ടിത്തുകയാണ് കരാറുകാർക്കു ലഭിക്കാനുള്ളത്. സാധാരണക്കാരയ കർഷകർ തന്നെയാണ് ഈ മേഖലയിൽ കരാറെടുക്കുന്നത്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇക്കൂട്ടർ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് അമിത പലിശയ്ക്കും മറ്റു വ്യക്തികളിൽ നിന്നുമെല്ലാം കടം വാങ്ങിയാണ് കാര്യങ്ങൾ നടത്തുന്നത്. തുടർന്ന് ജോലികൾ നടത്തിക്കൊണ്ടുപോകാൻ മോട്ടോർ ഓപ്പറേറ്റർമാർക്കും അനുബന്ധ തൊഴിലാളികൾക്കും വേതനം കൊടുക്കാൻപോലും കഴിയാത്ത അവസ്ഥയിലാണ്. തങ്ങൾ ആത്മഹത്യയുടെ വക്കിലാണെന്ന് പല പമ്പിംഗ് കരാറുകാർ യോഗത്തിൽ പറഞ്ഞു. ഈ മേഖലയിൽ തങ്ങൾ നിലനിൽക്കണമെങ്കിൽ കുടിശികത്തുക പൂർണമായും ഉടനടി തന്നുതീർക്കാൻ മുഖ്യമന്ത്രി, വകുപ്പു മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവർ ഇടപെടണമെന്നു യോഗം ആവശ്യപ്പെട്ടു. മന്ത്രിമാരെയും, ഉദ്യോഗസ്ഥരെയും നേരിൽകണ്ട് നിവേദനം നൽകാൻ യോഗത്തിൽ തീരുമാനമായി. അസോസിയേഷൻ പ്രസിഡൻറ് ഇ.ആർ. രാജീവൻ, സെക്രട്ടറി ജയിംസ്, വൈസ് പ്രസിഡൻറ് ജോയിച്ചൻ, ജോയിൻറ് സെക്രട്ടറി സക്കറിയ തോമസ്, ട്രഷറർ എ.ഡി. മണിലാൽ തുടങ്ങിയവർ പ്രസംഗിച്ചു.

## പത്തനംതിട്ട ജനറൽ ആശുപത്രിയിൽ താത്കാലിക സംവിധാനം വരും

**പത്തനംതിട്ട:** ജനറൽ ആശുപത്രിയുടെ പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയതു നിർമിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ സംവിധാനങ്ങൾ താത്കാലിക കെട്ടിടങ്ങളിലേക്കു മാറ്റാനുള്ള ആലോചനകൾ പുരോഗമിച്ചു. അന്തിമ തീരുമാനങ്ങൾക്കായി ആശുപത്രി മാനേജ്മെൻറ് കമ്മിറ്റിയോഗം ഉടൻ ചേരും.

ജനറൽ ആശുപത്രിയിൽ ഔട്ട് പേഷ്യൻറ് വിഭാഗം, അത്യാഹിത, ക്രിട്ടിക്കൽ വിഭാഗങ്ങൾക്കാണ് പുതിയ കെട്ടിടം പണിയുന്നത്. ഇതിനായി നിലവിലെ കാഷ്വാലിറ്റിയും ഒപി ബ്ലോക്കും പൊളിക്കണം. സ്ഥലപരിമിതിയും അടിസ്ഥാന സൗകര്യമില്ലായ്മയും കെട്ടിടത്തിൻറെ കാലപ്പഴക്കവുമാണ് നിലവിലെ കാഷ്വാലിറ്റിയും ഒപി ബ്ലോക്കു പൊളിച്ചുമാറ്റാൻ കാരണം. മൂന്നു വർഷത്തിനുള്ളിൽ പുതിയ കെട്ടിടം പൂർത്തീകരിക്കാനാണ് പദ്ധതി.

ആശുപത്രിയിൽ പുതിയ കെട്ടിടത്തിനുള്ള പ്ലാനും പദ്ധതിയും തയാറായിട്ടു നാളുകളായി. നിർമാണ അനുമതി അടക്കം ലഭിച്ചതാണെന്നും പറയുന്നു.

ക്രിട്ടിക്കൽ കെയർ യൂണിറ്റിനും അത്യാഹിത വിഭാഗത്തിനുമായി 23 കോടി, ഒപി ബ്ലോക്ക് കെട്ടിടത്തിന് 12 കോടി എന്നിങ്ങനെയാണ് തുക വകയിരുത്തിയിരിക്കുന്നത്. അണ്ടർ ഗ്രൗണ്ട് പാർക്കിംഗ് അടക്കമുള്ള ആധുനിക സംവിധാനങ്ങൾ കെട്ടിടത്തിലുണ്ടാകും.

നിലവിൽ മറ്റൊരു ഒപി ബ്ലോക്കിൻറെ നിർമാണം നടന്നുവരികയാണ്. പാർക്കിംഗ് ഏരിയായിലാണ് ഇതിൻറെ നിർമാണം. 300 കിടക്കകളുള്ള ആശുപത്രിയുടെ പ്രവർത്തനം പൂർണസജ്ജമാകണമെങ്കിൽ കെട്ടിടങ്ങൾ പൂർത്തീകരിക്കണം.

## മാലിന്യ സംസ്കരണത്തിൽ വീഴ്ച: കൊച്ചി നഗരസഭയ്ക്ക് വീണ്ടും ഹൈക്കോടതിയുടെ വിമർശനം

**കൊച്ചി:** മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ കൊച്ചി നഗരസഭയ്ക്ക് വീണ്ടും ഹൈക്കോടതിയുടെ വിമർശനം. പൊതുനിരത്തിലാകെ മാലിന്യമാണെന്നും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ നിലയിലുള്ള 10 സ്ഥലങ്ങളെങ്കിലും കാണിച്ചു നൽകാമെന്ന് ഡിവിഷൻ ബെഞ്ച് വാക്കാൽ പറഞ്ഞു.

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാൻറിലെ തീ പിടിത്തെത്തുടർന്ന് ഹൈക്കോടതി സ്വമേധയാ പരിഗണിക്കുന്ന ഹർജിയിലാണ് വിമർശനം. ജസ്റ്റീസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റീസ് പി. ഗോപിനാഥ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്.

മാലിന്യ സംസ്കരണത്തിനു ഇടക്കാല സൗകര്യമൊരുക്കുന്ന കാര്യത്തിൽ എന്തു നടപടിയായെന്ന് ഹൈക്കോടതി ചോദിച്ചു. ഇതിനു ഭൂമി കൈമാറിയെന്നു നിർമാണം നടക്കുകയാണെന്നും നഗരസഭ വിശദീകരിച്ചു. ബയോ മൈനിംഗ് ഒക്ടോബർ ആദ്യം തുടങ്ങുമെന്നും 15 മാസത്തിനകം പൂർത്തിയാക്കുമെന്നും വ്യക്തമാക്കി.

കൊച്ചിയിൽ വിനോദ സഞ്ചാരികൾ എത്തുന്ന മേഖലകൾ മാലിന്യം ഇടുന്നതു തടയാൻ നടപടിയില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ഫോർട്ടുകൊച്ചിയിലെ സ്ഥിതിയും എടുത്തു പറഞ്ഞു. മാലിന്യ നീക്കത്തിന് വാടകയ്ക്ക് വാഹനങ്ങൾ എടുക്കുന്നതിനെയും ഡിവിഷൻ ബെഞ്ച് വിമർശിച്ചു

## ഒന്നാംവിള കൊയ്ത്തിനു തുടക്കം

**നെന്മാറ:** പൊടിവിത നടത്തിയ നെൽപ്പാടങ്ങളിൽ ഒന്നാംവിള കൊയ്ത്ത് ആരംഭിച്ചു. മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് ഒന്നാം വിളയിറക്കിയ നെൽപ്പാടങ്ങളാണ് കൊയ്ത്തിനെ പാകമായത്.

അയിലൂർ, കോഴിക്കാട്, ചെട്ടികുളമ്പ് പാടശേഖരങ്ങളിലാണ് കഴിഞ്ഞദിവസം കൊയ്ത്ത് ആരംഭിച്ചത്. പതിവുപോലെ ഏജൻറുമാരുടെ കൊയ്ത്തു യന്ത്രമാണ് എത്തിയിരിക്കുന്നത്.

ഏക്കറിന് 2,400 രൂപ നിരക്കിലാണ് കൊയ്ത്തു വാടക ഏജൻറുമാർ ഈടാക്കുന്നത്.

കാലവർഷം കനിയാത്തതിനാൽ പലയിടത്തും പൊടിവിതയും നടീൽ നടത്തിയതും മാസങ്ങളുടെ വ്യത്യാസത്തിലായിരുന്നു. ഇക്കാരണത്താൽ ഒന്നാം വിള കൊയ്ത്തും ഒരു മാസത്തിലേറെ നീളാനാണ് സാധ്യത. കൊയ്ത്ത് സജീവമാകണമെങ്കിൽ ഇനിയും ആഴ്ചകൾ വേണ്ടിവരുമെന്നതിനാൽ കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ എത്തിത്തുടങ്ങിയിട്ടില്ല.

മുഞ്ഞബാധ ഭീഷണിയുള്ള പാടങ്ങളിൽ അല്പം മൂപ്പു കുറവുണ്ടെങ്കിലും വെയിലുള്ള സമയം നോക്കി ചില കർഷകർ കൊയ്ത്തു നടത്തുന്നുണ്ട്.

ഇടയ്ക്കിടെയുള്ള മഴയിൽ നെല്ലു നനയുന്നതിനാൽ കൊയ്തെടുക്കാൻ ബുദ്ധിമുട്ടുന്നതായി കൊയ്ത്തുയന്ത്ര ഡ്രൈവർമാർ പറഞ്ഞു.

കൊയ്തെടുത്ത നെല്ല് ഉണക്കുവാൻ സൗകര്യമില്ലാത്തതും കർഷകർക്കു വെല്ലുവിളിയായിട്ടുണ്ട്.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെ.വി.വി.ഇ.എസ്) സിറ്റി നോർത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മൾട്ടി മെഗാ മെഡിക്കൽ ക്യാംപ് പ് കൊച്ചി മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## കെ.വി.വി.ഇ.എസിന്റെ നേതൃത്വത്തിൽ മൾട്ടി മെഗാ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെ.വി.വി.ഇ.എസ്) സിറ്റി നോർത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ മൾട്ടി മെഗാ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു.വടുതല ഡോൺബോസ്കോയിൽ രാവില ഒമ്പതു മുതൽ ഉച്ച കഴിഞ്ഞ് രണ്ടുവരെ നടന്ന ക്യാംപ് കൊച്ചി മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു.യൂണിറ്റ് പ്രസിഡന്റ് തദേവൂസ് അദ്ധ്യക്ഷത വഹിച്ചു. ഡോൺ ബോസ്ക്കോ യൂത്ത് സെന്റർ ഡയറക്ടർ ഫാ. ഗിൽട്ടൺ, കൊച്ചി കോർപ്പറേഷൻ 74 ാം ഡിവിഷൻ കൗൺസിലർ പ്രവീൺ, 31 ാം ഡിവിഷൻ കൗൺസിലർ ഹെൻട്രി ഓസ്റ്റിൻ , അമൃത മെഡിക്കൽ ക്യാമ്പ് ഇൻചാർജ് ഡോ. ജയൻ , ഡോ. ഗണേഷ്, ഏകോപന സമിതി സിറ്റി നോർത്ത് യൂണിറ്റ് വൈസ് പ്രസിഡന്റും ക്യാമ്പ് ജനറൽ കൺവീനരുമായ നൗഷാദ്, ജനറൽ സെക്രട്ടറി ജോസഫ് ജോളി,ട്രഷറർ, ഡാനിയൽ തുടങ്ങിയവർ സംസാരിച്ചു.അമൃത ആശുപത്രി,എറണാകുളം സ്വാമി സിദ്ധരാമാനന്ദ ആയുർവേദ വൈദ്യ ശാല,കൊച്ചിൻ കോർപ്പറേഷൻ ഹോമിയോ വിഭാഗം എന്നിവരുമായി സഹകരിച്ചായിരുന്നു ക്യാംപ് സംഘടിപ്പിച്ചത്.

# ഗണേശവിഗ്രഹ നിമജ്ജനം സർക്കാർ ഉത്തരവ് പിൻവലിക്കണം:വി.എച്ച്.പി

**കൊച്ചി:**ഗണേശോൽസവത്തിന്റെ ഭാഗമായി നിമജ്ജനത്തിന് കളിമൺ വിഗ്രഹം മാത്രമെ ഉപയോഗിക്കാവുമെന്നും, തദ്ദേശസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ജലാശയങ്ങളിൽ മാത്രമെ ഗണേശ വിഗ്രഹങ്ങൾ നിമജ്ജനം ചെയ്യാവുവെന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവ് പിൻവലിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു. പതിറ്റാണ്ടുകളായി രാജ്യമെങ്ങും ആഘോഷിക്കുന്ന ഗണേശോൽസവം കേരളത്തിലും വ്യാപകമാകുന്നതിനെ തടയിടുക എന്നതാണ് പിണറായി വിജയൻ സർക്കാരിന്റെ ലക്ഷ്യമെന്നാണ് ഉത്തരവിലൂടെ വ്യക്തമാകുന്നത്. കേരളം മുഴുവനും മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അതിൽ നടപടി കൈക്കൊള്ളാതെ ഗണേശവിഗ്രഹ നിമജ്ജന കാര്യത്തിൽ മാത്രം ഇടപെടുന്നത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇരട്ടത്താപ്പാണ് വ്യക്തമാക്കുന്നത്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വിശ്വ ഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ ഗണേശോത്സവം ആഘോഷിക്കുന്നത് തടസപ്പെടുത്തുന്നതിനാണ് പിണറായി വിജയൻ സർക്കാർ ഹൈന്ദവ വിരുദ്ധ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

പ്രകൃതിയേയും വിശ്വാസത്തെയും സംരക്ഷിച്ചുകൊണ്ട് വിശ്വ ഹിന്ദു പരിഷത്ത് ഗണേശോത്സവം ഉൾപ്പെടെയുള്ള ഈശ്വരീയമായ ആഘോഷങ്ങളുമായി മുന്നോട്ട് പോകുമെന്നും അതിനെ തടയിടാൻ ശ്രമിച്ചാൽ ശക്തമായി തന്നെ സംഘടന നേരിടുമെന്ന് വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ വ്യക്തമാക്കി.

# രാജ്യത്തിന്റെ ഉയർച്ചയ്ക്ക് സാഹോദര്യത്തിന് ഉന്നൽ നൽകണം: മോറാൻ മോർ ബസേലിയോസ് മാത്യൂസ് ത്രിതീയൻ ബാവാ

### കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ കുടുംബത്തിനും വിദ്യാലയങ്ങൾക്കും നിർണ്ണായക പങ്ക്: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** ഭരണഘടന വിഭാവനം ചെയ്യുന്ന സാഹോദര്യം സമൂഹത്തിൽ ശിഥിലമാകുന്ന കാഴ്ചയാണ് ഇന്ന് കാണുന്നതെന്നും രാജ്യത്തിന്റെ വളർച്ചയ്ക്ക് സാഹോദര്യത്തിന് ഉന്നൽ നൽകേണ്ടത് അനിവാര്യമാണെന്നും മലങ്കര മെത്രാപ്പോലീത്തയും മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ ബാവാ.

ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദേശീയതയും കുടുംബ ബന്ധങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ എറണാകുളം ബി.ടി.എച്ച് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭരണ ഘടന നൽകുന്ന അവകാശങ്ങൾ എല്ലാവർക്കും തുല്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. രാജ്യത്ത് 40 ശതമാനം ആളുകൾ ഇന്നും ദാരിദ്യരേഖയ്ക്ക് താഴെയാണ് എന്ന് കണക്കുകൾ പറയുന്നു. 40 ശതമാനം പേർ മധ്യത്തിലാണ്. 20 ശതമാനം പേർ സുഖലോലുപതയിൽ കഴിയുന്നു. സാഹോദര്യം ശിഥിലമാകുന്നുവെന്നാണ് ഇത് ചൂണ്ടിക്കാണിക്കപ്പെടുന്നത്. സാഹോദര്യം ശിഥിലമാകുന്നതിനെ തുടർന്നാണ് സമൂഹത്തിൽ അക്രമവും അനീതിയും കൊലപാതകവും വർധിച്ചുവരുന്നത്. സാഹോദര്യം നടപ്പിലായാൽ രാജ്യത്തിന്റെ വളർച്ചയും വേഗത്തിലാകും. സമൂഹത്തിൽ സാഹോദര്യം വളർത്താനുള്ള ഊർജ്ജിതമായ ശ്രമം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും മോറാൻ മോർ ബസേലിയോസ് മാത്യൂസ് ത്രിതീയൻ ബാവാ വ്യക്തമാക്കി.




ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദേശീയതയും കുടുംബ ബന്ധങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറും അഡ്വ.കെ വി സാബു രചിച്ച നിനക്കുവേണ്ടി മാധവ എന്ന നോവലിന്റെ പ്രകാശന സമ്മേളനവും മലങ്കര മെത്രാപ്പോലീത്തയും മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഇ. എൻ നന്ദകുമാർ, കെ.എസ് വിനോദ്, വർഗ്ഗീസ് മൂലൻ,ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ഡോ.കെ. എസ് രാധാകൃഷ്ണൻ, ജോൺ ജോസഫ്, നടി ഷീലു എബ്രഹാം, വി.കെ വർഗ്ഗീസ്,അഡ്വ.കെ വി സാബു എന്നിവർ സമീപം

ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് മാനേജിംഗ് ട്രസ്റ്റിയും ജനറൽ സെക്രട്ടറിയുമായ അഡ്വ. കെ.വി സാബു എഴുതിയ നിനക്കുവേണ്ടി മാധവ എന്ന നോവലിന്റെ പ്രകാശനം കോമൺവെൽത്ത് രാജ്യങ്ങളുടെ ഇന്ത്യയിലെ ട്രേഡ് കമ്മീഷണർ ഡോ.വർഗ്ഗീസ് മൂലന് നൽകി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചടങ്ങിൽ നിർവ്വഹിച്ചു.

പുതിയ തലമുറയെ ലഹരിയ്ക്ക് അടിമപ്പെടാതെ മുന്നോട്ടു നയിക്കേണ്ട ഇത്തരവാദിത്വം സമൂഹത്തിലെ മുതർന്നവർക്കുണ്ടെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഒരു കുട്ടിയുടെ സ്വഭാവ രൂപീകരണം നടക്കുന്നത് അവന്റെ കുടുംബത്തിലും കലാലയത്തിലുമാണ്. അതു കൊണ്ടു തന്നെ മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ നിർണ്ണായക പങ്കാണുള്ളതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. നല്ല കുടുംബങ്ങളാണ് നല്ല രാജ്യത്തിന്റെ അടിസ്ഥാനമെന്നും അദ്ദേഹം പറഞ്ഞു. ഡോ.കെ.എസ് രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. അഡ്വ. കെ.വി സാബു പുസ്തകത്തെകുറിച്ച് വിശദീകരിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് പ്രസിഡന്റ് ജോൺ ജോസഫ് അധ്യക്ഷത വഹിച്ചു. ചലച്ചിത്ര താരം ഷീലു അബ്രാഹം, നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് അംഗം ഇ. എൻ നന്ദകുമാർ, ഐസിഎം വൈസ് പ്രസിഡന്റ് വി.കെ വർഗ്ഗീസ്,ട്രഷറർ അബ്രാഹം തോമസ്, ഐ.സി.എം കോ-ഓർഡിനേറ്റർ ആന്റൺ കുന്നേൽ,വൈസ് പ്രസിഡന്റ് പി.ബി ബോസ്, ,ട്രസ്റ്റി കെ.എസ് വിനോദ്,തുടങ്ങിയവർ സംസാരിച്ചു.

## വിദേശ തൊഴിൽ വായ്പാ പദ്ധതിക്ക് അപേക്ഷിക്കാം

**കൊല്ലം:** കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന വിദേശ തൊഴിൽ വായ്പാ പദ്ധതി യിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ട യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരും ഏതെങ്കിലും വിദേശരാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്ന് തൊഴിൽ നൽകുന്നതിന ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം. NORKA ROOTS, ODEPEC എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകും. അപേക്ഷകർ 18 നും 55 നും മധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 3,50,000 രൂപ അധികരിക്കരുത്.

പദ്ധതിയുടെ പരമാവധി വായ്പാതുക രണ്ട് ലക്ഷം രൂപയാണ്. അതിൽ ഒരു ലക്ഷം രൂപ വരെ അർഹരായവർക്ക് സബ്സിഡിയായി അനുവദിക്കും. അമ്പത് വയസ്സ് കവിയാത്തവരും രണ്ടര ലക്ഷം രൂപക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

വായ്പയുടെ പലിശനിരക്ക് ആറ് ശതമാനവും തിരിച്ചടവ് കാലയളവ് മൂന്നു വർഷവുമാണ്. അപേക്ഷകർക്ക് വിദേശത്ത് തൊഴിൽ ചെയ്യുന്നതിനുള്ള വർക്ക് എഗ്രിമെന്റ്, വിസ, പാസ്പോർട്ട്, എമിഗ്രേഷൻ സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ ലഭിച്ചിരിക്കണം.

താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കുമായി കോർപ്പറേഷന്റെ അതാതു ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടണം.



നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാര ജേതാക്കളായ ഇന്ദിരാ നവീൻചന്ദ്രൻ, ഗിരിജാ കലാധരൻ, പി.ശ്രീദേവി, ശ്യാംചൈതന്യ, രാജലക്ഷ്മിരാജ, അഡ്വ. മങ്കോട് രാമകൃഷ്ണൻ, കെ.ഹരിദാസ്, ലക്ഷ്മി ഹരിഹരൻ, ജഗദംബികാദേവി എന്നിവർ പുരസ്കാരം ഏറ്റു വാങ്ങിയതിനു ശേഷം ഉത്തർപ്രദേശ് ആയുഷ,ഫുഡ് സെക്യൂരിറ്റി മന്ത്രി ഡോ. ദയാശങ്കർ മിശ്ര ദയാലു, മനീഷ് ശാസ്ത്രി എന്നിവർക്കൊപ്പം

# നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം ഏറ്റുവാങ്ങി

**കൊച്ചി :** അഖില ഭാരത നാരായണീയ മഹോത്സവ സമിതിയും പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റും സംയുക്തമായി ഏർപ്പെടുത്തിയ നാരായണീയ ശ്രേഷ്ഠാചാര്യ പുരസ്കാരം മലയാളികളായ ജേതാക്കൾ ഏറ്റുവാങ്ങി.

ഉത്തർപ്രദേശ് നൈമിശാരണത്തിലെ സൂതപീഠത്തിൽ നടന്ന ചടങ്ങിൽ ഉത്തർപ്രദേശ് ആയുഷ്, ഫുഡ് സെക്യൂരിറ്റി മന്ത്രി ഡോ.ദയാശങ്കർ മിശ്ര ദയാലു ഒമ്പതു മലയാളികളയ ജേതാക്കൾക്ക് പുരസ്കാരം സമ്മാനിച്ചു. കെ.ഹരിദാസ് തുരുവനന്തപുരം, പി.ശ്രീദേവി പാൽക്കുളങ്ങര, രാജലക്ഷ്മിരാജ നിലമ്പൂർ, ശ്യാംചൈതന്യ പാലക്കാട്, അഡ്വ. മങ്കോട് രാമകൃഷ്ണൻ ഗുരുവായൂർ, ലക്ഷ്മി ഹരിഹരൻ ഇടപ്പള്ളി, മംഗലത്ത് ജഗദംബികാദേവി തൃപ്പൂണിത്തുറ, ഇന്ദിരാ നവീൻചന്ദ്രൻ മട്ടാഞ്ചേരി, ഗിരിജാ കലാധരൻ വൈപ്പിൻ എന്നിവരാണ് പുരസ്കാര ജേതാക്കൾ.അഖില ഭാരത നാരായണീയ മഹോൽസവ സമിതി അധ്യക്ഷൻ അഡ്വ.മാങ്കോട് രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സൂതപീഠം ട്രസ്റ്റ് ചെയർമാൻ മനീഷ് ശാസ്ത്രി അനുഗ്രഹ പ്രഭാഷണം നടത്തി.സൂതപീഠത്തിന്റെ പ്രത്യേക പുരസ്കാരവും മനീഷ് ശാസ്ത്രി ചടങ്ങിൽ ജേതാക്കൾക്ക് വിതരണം ചെയ്തു.വിശ്വഭാരത ദർശന ട്രസ്റ്റ് ചെയർമാൻ ആർ നാരായണ പിള്ള സംസാരിച്ചു.തുടർന്ന് ഗോപികാ നൃത്തവും അരങ്ങേറി.

# ഐ.എസ്.എൽ: അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

- **10 മണിക്ക് ശേഷം ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ്**
- **മടക്കയാത്രക്കുള്ള ടിക്കറ്റ് മുൻകൂട്ടി വാങ്ങാം**



**കൊച്ചി:** സെപ്തംബർ ഇരുപത്തിയൊന്നാം തീയതി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്ത്യൻ സൂപ്പർ ലീഗ് മത്സരങ്ങൾ നടക്കുന്നതിനാൽ ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് കൊച്ചി മെട്രോ അധിക സർവ്വീസ് ഒരുക്കുന്നു. ഐഎസ്എൽ ഈ സീസണിലെ ആദ്യ ദിനം 30 അധിക സർവ്വീസുകളാണ് കൊച്ചി മെട്രോ ഒരുക്കിയിരിക്കുന്നത്.

ഏഴ് മിനിറ്റ് ഇടവേളകളിലായിരിക്കും സർവ്വീസ്. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവ ഭാഗത്തേക്കും എസ്എൻ ജംഗ്ഷനിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് 11.30ന് ആയിരിക്കും. രാത്രി പത്ത് മണി മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്. മത്സരം കാണുന്നതിനായി മെട്രോയിൽ വരുന്നവർക്ക് മത്സരശേഷം തിരികെ യാത്ര ചെയ്യുന്നതിനായുള്ള ടിക്കറ്റ് ആദ്യം തന്നെ വാങ്ങാൻ സാധിക്കും. ടിക്കറ്റ് വാങ്ങുന്നതിനായുള്ള ക്യൂ ഒഴിവാക്കാൻ ഇതുവഴി സാധിക്കും.  കൊച്ചിയിൽ മത്സരം നടക്കുന്ന ദിവസങ്ങളിലെല്ലാം രാത്രി 11.30 വരെ മെട്രോ അധികസർവ്വീസ് ഏർപ്പെടുത്തുന്നുണ്ട്. പൊതുജനങ്ങൾക്കും മത്സരം കണ്ട് മടങ്ങുന്ന ഫുട്ബോൾ ആരാധകർക്കും മെട്രോ സർവ്വീസ് പ്രയോജനപ്പെടുത്താം. തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്.



ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ഓണാഘോഷവും കുടുംബ സംഗമവും കലൂർ എ.ജെ ഹാളിൽ  ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. പി.പി ഫൈസൽ, കെ.വി സാബു, രത്നമാ സ്നേഹതീരം, എലിസബത്ത് ടീച്ചർ, രാധാമണിപ്പിള്ള, സെയ്ത് മുഹമ്മദ് തുടങ്ങിയവർ സമീപം

# ഹോസ്റ്റൽ ഓണേഴ്സ് വെൽഫയർ അസോസിയേഷൻ ഓണാഘോഷവും കുടുംബസംഗമവും

**കൊച്ചി:** ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ഓണാഘോഷവും കുടുംബ സംഗമവും നടന്നു. കലൂർ എ.ജെ ഹാളിൽ നടന്ന ആഘോഷ പരിപാടികൾ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ മുഖ്യ അതിഥിയായിരുന്നു.

അസോസിയേഷൻ പ്രസിഡന്റ് പി.പി ഫൈസൽ അധ്യക്ഷത വഹിച്ചു. നിർധനരായ രോഗികൾക്കുള്ള സഹായവിതരണവും പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയ അംഗങ്ങളുടെ കുട്ടികൾക്കുള്ള സമ്മാനവിതരണവും ചടങ്ങിൽ നടന്നു.

തൃക്കാക്കര നഗരസഭ ചെയർ പേഴ്സൺ രാധാമണിപ്പിള്ള, കൊച്ചി കോർപ്പറേഷൻ കൗൺസിലർ അരിസ്റ്റോട്ടിൽ, അസോസിയേഷൻ സെക്രട്ടറി സെയ്ത് മുഹമ്മദ്, ട്രഷറർ രത്നമാ സ്നേഹതീരം, രക്ഷാധികാരി എലിസബത്ത് ടീച്ചർ, വൈസ് പ്രസിഡന്റ് കെ വി സാബു, ജോയിന്റ് സെക്രട്ടറി നസീം ഹംസ, പി. കെ സുലൈമാൻ, ഷാലിതോമസ്, സജി ജോർജ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും വിവിധ കലാപരിപാടികളും നടന്നു.



കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന എറണാകുളം ജില്ലാ സീനിയർ ബാസ്ക്കറ്റ് ബോൾ ചാംപ്യൻഷിപ്പിൽ ജേതാക്കളായ സെൻട്രൽ ടാക്സ് ആന്റ് കസ്റ്റംസ് ടീം

# ജില്ലാ സീനിയർ ബാസ്ക്കറ്റ് ബോൾ ചാംപ്യൻഷിപ്പ്: സെൻട്രൽ ടാക്സ് ആന്റ് കസ്റ്റംസ് ടീം ചാമ്പ്യന്മാർ

**കൊച്ചി:** എറണാകുളം ജില്ലാ സീനിയർ ബാസ്ക്കറ്റ് ബോൾ ചാംപ്യൻഷിപ്പിൽ സെൻട്രൽ ടാക്സ് ആന്റ് കസ്റ്റംസ് ടീം ചാമ്പ്യന്മാരായി.

കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഫൈനൽ മൽസരത്തിൽ കേരള പോലിസ് ടീം അംഗങ്ങൾ അണിനിരന്ന റോഷൻസ് സെവൻസ്റ്റാർ ടീമിനെ 60 നെതിരെ 77 പോയിന്റുകൾക്കാണ് സെൻട്രൽ ടാക്സ് ആന്റ് കസ്റ്റംസ് ടീം പരാജയപ്പെടുത്തിയത്. സെൻട്രൽ ടാക്സിന് വേണ്ടി എബിൻ സാബു(18 പോയിന്റ്),ഷിനുമോൻ അഗസ്റ്റിൻ (15പോയിന്റ്), യൂട്രിക് പെരേര( 12 പോയിന്റ്), ബേസിൽ ഫിലിപ്പ്(12 പോയിന്റ് ), ജോഷ്വ സുനിൽ ഉമ്മൻ(11 പോയിന്റ്) നേടി മികച്ച പ്രകടനം കാഴ്ചവെച്ചു.

# സർക്കുലർ ഡിസൈൻ ചലഞ്ച് അന്താരാഷ്ട്ര തലത്തിലേക്ക്

കൊച്ചി: ലോകമെമ്പാടുമുള്ള ഫാഷൻ ഡിസൈൻ പ്രതിഭകൾക്ക് ആഗോള പ്ലാറ്റ്ഫോം നൽകുക എന്ന ലക്ഷ്യത്തോടെ, സർക്കുലർ ഡിസൈൻ ചലഞ്ച് (സിഡിസി) ലോകമെമ്പാടുമുള്ള വിപുലീകരണം പ്രഖ്യാപിച്ചു, ലാക്മെ ഫാഷൻ വീക്കിന്റെയും ഫാഷൻ ഡിസൈൻ കൗൺസിൽ ഓഫ് ഇന്ത്യയുടേയും ( ഫഡ്സി) യുടെയും വരാനിരിക്കുന്ന സീസണിൽ ഈ വർഷത്തെ ചലഞ്ച് അവസാനിക്കും.റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ നെക്സ്റ്റ്ജെൻ ഫാബ്രിക് ബ്രാൻഡായ ആർ ഇലാൻ ഇന്ത്യയിലെ ഐക്യരാഷ്ട്രസഭയുമായി സഹകരിച്ച്, ഇക്കോഫ്രണ്ട്‌ലി ക്രിയേറ്റീവുകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ആഗോളതലത്തിൽ ഫാഷൻ വ്യവസായത്തിന്റെ ഹരിതവും സുസ്ഥിരവുമായ ഭാവിയാണ് സർക്കുലർ ഡിസൈൻ ചലഞ്ചിലൂടെ ലക്ഷ്യമിടുന്നതെന്ന് റിലയൻസ് അധികൃതർ വ്യക്തമാക്കി.ഫാഷൻ വ്യവസായത്തിന്റെ എല്ലാ മേഖലകളിലും സുസ്ഥിരതയ്ക്കു വേണ്ടിയുള്ള അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അഞ്ച് വർഷം മുമ്പാണ് റിലയൻസ് സർക്കുലർ ഡിസൈൻ ചലഞ്ച് എന്ന ആശയത്തിന് തുടക്കമിട്ടത് . പിന്നീട് യു എൻ ഇൻ ഇന്ത്യ , ലാക്മേ ഫാഷൻ വീക്ക് എന്നിവയുടെ പങ്കാളിത്തത്തിലൂടെ ഫാഷന്റെ മണ്ഡലത്തിനുള്ളിൽ പരിവർത്തനാത്മക ആശയങ്ങൾ നേടിയെടുക്കാൻ സി ഡി സി ക്ക് സാധിച്ചു. അതിനുശേഷം, ഇന്ത്യയുടെ ഫാഷൻ വ്യവസായത്തെ പരിസ്ഥിതി ബോധത്തിലേക്ക് നയിക്കുന്നതിൽ സർക്കുലർ ഡിസൈൻ ചലഞ്ച് നിർണായകമായി. ഈ വർഷം, യുകെ, യൂറോപ്പ്, ഏഷ്യ പസഫിക്  മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന മത്സരം, ലോകമെമ്പാടുമുള്ള ഡിസൈനർമാർക്ക് ക്ഷണം നൽകിക്കൊണ്ട് ഒരു ആഗോള മത്സരമാണ് ലക്ഷ്യമിടുന്നത്. ബയോഡീഗ്രേഡബിലിറ്റി, ഡ്യൂറബിലിറ്റി, ഉൽപ്പന്നങ്ങളുടെ മൾട്ടിഫങ്ഷണാലിറ്റി എന്നിവ പോലുള്ള  നിർണായക പാരാമീറ്ററുകളിൽ ഡിസൈൻ ചലഞ്ച് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. യുകെ, യൂറോപ്പ്, ഏഷ്യ പസഫിക്  എന്നിവിടങ്ങളിൽ നിന്നുള്ള ഫൈനലിസ്റ്റുകൾ ഒക്ടോബറിൽ ഇന്ത്യയിലെ ന്യൂഡൽഹിയിലേക്ക് എത്തും, ഇന്ത്യൻ ഫൈനലിസ്റ്റുകൾക്കൊപ്പം ലാക്മെ ഫാഷൻ വീക്കിൽ  അവരുടെ വർക്കുകൾ ജൂറിക്ക് കൈമാറും.

# നിർമ്മിത ബുദ്ധിയുടെ സാധ്യതകളും ഭാവിയും ചർച്ച ചെയ്ത് ഇക്സെറ്റ് 2023 ഇന്റർനാഷണൽ കോൺക്ലേവ്



**കൊച്ചി:** ഇൻഫോപാർക്കുമായി സഹകരിച്ച് സംഘടിപ്പിച്ച ഐ.സി.ടി അക്കാദമി ഓഫ് കേരളയുടെ വാർഷിക പരിപാടിയായ ഇക്സെറ്റ് (ഇക്സെറ്റ് ഇന്റർനാഷണൽ കോൺക്ലേവ് ഓൺ സ്കിൽസ്, എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി) നിർമ്മിത ബുദ്ധിയുടെ ഭാവിയും സാധ്യതകളും ചർച്ച ചെയ്തു. അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ നടന്ന പരിപാടി മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു.കേരളം ഒരു വിജ്ഞാന സമൂഹമായി പരിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും അതിന്റെ ഭാഗമായാണ് അക്കാദമിക് രംഗത്ത് വിപ്ലവകരമായ പഠനങ്ങളും സെഷനുകളും കോൺക്ലേവുകളും നടക്കുന്നതെന്നും മന്ത്രി ആർ. ബിന്ദു പറഞ്ഞു. ടെക്നോളജി രംഗത്തെ ഏറ്റവും പുതിയ ടൂളാണ് എ.ഐ അതിൽ വരുന്ന പുതിയ പുരോഗമനവും സാധ്യതകളും ചർച്ച ചെയ്യാൻ അക്കാദമിക് രംഗത്ത് നടത്തുന്ന ഇത്തരം പരിപാടികൾ വിദ്യാർത്ഥികൾക്കും ഐ.ടി രംഗത്തിനും വലിയ മുതൽക്കൂട്ടാണെന്നും മന്ത്രി പറഞ്ഞു.

വ്യവസായിക ലോകവും അക്കാദമിക് മേഖലയും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുകയും പുതിയ വ്യവസായിക പ്രവണതകളെ അക്കാദമിക് ലോകത്തിന് പരിചയപ്പെടുത്തുകയും ലക്ഷ്യമിട്ട് സംഘടിപ്പിച്ച പരിപാടി ഭരണനിർവഹണം, ആരോഗ്യം, കൃഷി, വ്യവസായം, വിദ്യാഭ്യാസം, മാധ്യമം തുടങ്ങിയ തൊഴിൽ മേഖലകളിൽ എ.ഐ സാധ്യമാക്കാനിടയുള്ള പുതിയ തൊഴിൽ അവസരങ്ങളും മാറ്റങ്ങളും ഒപ്പം അത് സൃഷ്ടിച്ചേക്കാവുന്ന ലീഗൽ എത്തിക്കൽ പ്രശ്നങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെയും അധ്യാപകരെയും ജാഗ്രത്താക്കുക എന്ന ഉദ്ദേശത്തിലാണ് നടത്തിയത്. ദേശീയഅന്തർദേശീയ രംഗത്തെ പ്രമുഖർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സജി ഗോപിനാഥ് ചടങ്ങിൽ അധ്യക്ഷനായി. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ, അക്കാബസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് ജി.എം അജയ് മാത്തൂർ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഇ.വൈ ഗ്ലോബൽ ടാലന്റ് ലീഡർ ശ്രീകാന്ത് കെ.എ എ.ഐ ഗൈറേഷൻ: എമ്പറേസ് ദ പവർ ഓഫ് ഇന്റലിജന്റ് ഓട്ടമേഷൻ എന്ന വിഷയത്തിൽ ആമുഖ പ്രഭാഷണം നടത്തി.

ഉദ്ഘാടന സെഷന് ഐ.സി.ടി അക്കാദമി സി.ഇ.ഒ സന്തോഷ് കുറുപ്പ് സ്വാഗതവും ഐ.സി.ടി അക്കാദമി അക്കാദമിക് ഒ.യു ദീപ വി.ടി നന്ദിയും പറഞ്ഞു.എ.ഐയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെയും അതിന്റെ സ്വാധീനത്തെയും കുറിച്ച് ഹ്രസ്വ പ്രഭാഷണങ്ങളും പാനൽ ചർച്ചകളും നടന്നു. അനുകുമാരി ഐ.എ.എസ് (ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ), സി. ബാലഗോപാൽ, ചെയർമാൻ, ഫെഡറൽ ബാങ്ക്, ദീപ സരോജമ്മാൾ (സി.ഇ.ഒ, റിഫ്ലക്ഷൻസ് ഇൻഫോസിസ്റ്റംസ്), ലത രാജ് (പ്രോഗ്രാം ഡയറക്ടർ, ഐ.ബി.എം), സബ കരീം (ഇന്ത്യ ഹെഡ്, പബ്ലിക് സെക്ടർ, ലിങ്ക്ഡ് ഇൻ), അലക്സ് ജെയിംസ് (അക്കാദമിക് ഡീൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള), അനൂപ് പി. അംബിക (സി.ഇ.ഒ, കേരള സ്റ്റാർട്ടപ്പ് മിഷൻ), ബാരി മാത്യൂസ് (സി.ഇ.ഒ, ഓപ്പൺ അസംബ്ലി), പി.വി ഉണ്ണികൃഷ്ണൻ (മെമ്പർ സെക്രട്ടറി, കെഡിസ്ക്), സജിന സത്താർ (അസിസ്റ്റന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, കേരള സർക്കാർ) തുടങ്ങിയവർ വിവിധ ചർച്ചകളിൽ പങ്കെടുത്തു.

# റിലയൻസ് ജിയോ, എയർ ഫൈബർ സേവനങ്ങൾക്ക് തുടക്കമിട്ടു




**കൊച്ചി/മുംബൈ** :സ്വകാര്യ മൊബൈൽ ഡാറ്റ ശൃംഖലയായ റിലയൻസ് ജിയോ, എയർ ഫൈബർ സേവനങ്ങൾക്ക് തുടക്കമിട്ടു. എട്ട് മെട്രോ നഗരങ്ങളിൽ ഹോം എന്റർടെയ്ൻമെന്റ്, സ്മാർട്ട് ഹോം സേവനങ്ങൾ, അതിവേഗ ബ്രോഡ്ബാൻഡ് എന്നിവയ്ക്കായുള്ള അതിവേഗ ഇന്റർനെറ്റ് സേവനങ്ങൾ ഇതിലൂടെ ലഭിക്കുമെന്ന് ജിയോ എയർഫൈബറിന്റെ ലോഞ്ചിൽ സംസാരിച്ച റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ചെയർമാൻ ആകാശ് അംബാനി പറഞ്ഞു.

ജിയോ എയർ ഫൈബർ, ജിയോ എയർ ഫൈബർ മാക്സ് എന്നിങ്ങനെ രണ്ടു പ്ലാനുകളിലാണ് സേവനം ലഭ്യമാവുക. ജിയോ എയർ ഫൈബർ പ്ലാനിൽ 30 എംബിപിഎസ് സ്പീഡിൽ അൺലിമിറ്റഡ് ഡാറ്റ 599 രൂപയ്ക്ക് ലഭ്യമാകും. കൂടാതെ 100 എംബിപിഎസ് സ്പീഡിൽ 899 രൂപയുടെയും 1199 രൂപയുടെയും പ്ലാനുകൾ ലഭ്യമാണ്. 1199 രൂപയുടെ പ്ലാനിൽ നെറ്ഫ്ലിസ്, ആമസോൺ പ്രൈം , ജിയോ സിനിമ പ്രീമിയം ഉൾപ്പെടെ 17 ഒ ടി ടി പ്ലാറ്റ്ഫോമുകൾ ലഭ്യമാകും .ജിയോ എയർ ഫൈബർ മാക്സ് പ്ലാനിൽ 300, 500, 1000 എംബിപിഎസ് സ്പീഡുകളിൽ 1499, 2499, 3999 രൂപ നിരക്കുകളിൽ അൺലിമിറ്റഡ് ഡാറ്റ ലഭ്യമാകും. രണ്ടു പ്ലാനുകളിലും 550ലധികം ഡിജിറ്റൽ ചാനലുകൾ ലഭ്യമാകും. ഒപ്പം വിവിധ ഒറ്റിറ്റി സേവനങ്ങളും ലഭിക്കും. ആറു മാസവും 12 മാസവും കാലാവധിയിൽ പ്ലാനുകൾ ലഭ്യമാകും .ഇന്ത്യയിലുടനീളം 1.5 ദശലക്ഷം കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്നതാണ് ജിയോയുടെ ഒപ്റ്റിക്കൽ ഫൈബർ ഇൻഫ്രാസ്ട്രക്ചർ. ജിയോയുടെ വിപുലമായ ഒപ്റ്റിക്കൽ ഫൈബർ സാന്നിധ്യം 200 ദശലക്ഷത്തിലധികം സ്ഥലങ്ങളിലേക്ക് ജിയോ സേവനം ലഭ്യമാക്കുന്നു. എന്നിരുന്നാലും, രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ എത്തിക്കുന്നതിൽ സങ്കീർണതകളുണ്ടായിരുന്നത് രാജ്യത്തെ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഹോം ബ്രോഡ്ബാൻഡ് ലഭിക്കുന്നതിന് തടസ്സമേകിയിരുന്നു. ജിയോ എയർ ഫൈബറിലൂടെ ഈ തടസ്സത്തെ മറികടക്കാൻ കഴിയും.ദശലക്ഷക്കണക്കിന് വീടുകളും ചെറുകിട ബിസിനസ്സുകളും അതിവേഗം ബന്ധിപ്പിക്കേണ്ടതുണ്ട്. ജിയോ എയർ ഫൈബർ ഉപയോഗിച്ച്, രാജ്യത്തെ എല്ലാ വീടുകളിലും സമാനമായ ഗുണനിലവാരമുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കും. ലോകോത്തര ഡിജിറ്റൽ വിനോദം, സ്മാർട്ട് ഹോം സേവനങ്ങൾ, ബ്രോഡ്ബാൻഡ് എന്നിവ ഉപയോഗിച്ച് ദശലക്ഷക്കണക്കിന് വീടുകളെ ജിയോ എയർ ഫൈബർ ശാക്തീകരിക്കുമെന്നും ആകാശ് അംബാനി പറഞ്ഞു.




# ടാറ്റാ സമ്പൻ വെർമിസെല്ലി വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ സമ്പൻ, ദക്ഷിണേന്ത്യൻ വിപണിയിലുടനീളം വെർമിസെല്ലി അവതരിപ്പിച്ചുകൊണ്ട് ഭക്ഷ്യവസ്തുക്കളുടെ നിര വിപുലപ്പെടുത്തി.

സോർഗം മില്ലറ്റ് വെർമിസെല്ലി, പ്രോട്ടീൻ റിച്ച് റോസ്റ്റഡ് വെർമിസെല്ലി, പ്രോട്ടീൻ റിച്ച് സെവിയൻ വെർമിസെല്ലി എന്നിങ്ങനെ മൂന്ന് വ്യത്യസ്ത വേരിയൻറുകൾ പുതുതായി അവതരിപ്പിച്ച ഉൽപ്പന്ന ശ്രേണിയിൽ ഉൾപ്പെടുന്നു. പ്രോട്ടീന്റെയും ഡയറ്ററി ഫൈബറിൻറെയും സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന സെമോലിന ഉപയോഗിച്ചാണ് അവസാനത്തെ രണ്ട് ഉത്പന്നങ്ങൾ നിർമ്മിച്ചിരിക്കുന്നതെന്ന് ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ്, പാക്കേജ്ഡ് ഫുഡ്സ്ഇന്ത്യ പ്രസിഡന്റ് ദീപിക ഭാൻ പറഞ്ഞു. മൈദ ചേർക്കാതെ തയ്യാറാക്കിയ ടാറ്റ സമ്പൻ വെർമിസെല്ലിയിൽ ശ്രദ്ധേയമായ പ്രോട്ടീൻ സാന്നിദ്ധ്യമുണ്ട്.

റോസ്റ്റഡ് വെർമിസെല്ലി സ്റ്റിക്കി അല്ലാത്ത ഒരു ടെക്സ്ചർ നൽകുമ്പോൾ, സേവിയൻ വേരിയന്റിൽ ഡയറ്ററി ഫൈബറിന്റെ സാന്നിദ്ധ്യമുണ്ട്. അതേസമയം സോർഗം മില്ലറ്റ് വെർമിസെല്ലി സുജിയുടെയും ജോവറിൻറെയും ആരോഗ്യകരമായ മിശ്രിതമാണ്. പെട്ടെന്ന് പാകം ചെയ്യാൻ കഴിയുന്ന ഈ വെർമിസെല്ലി ഇനങ്ങൾ 10 മിനിറ്റിനുള്ളിൽ തന്നെ രുചികരമായ ഭക്ഷണമായി മാറ്റാനാകും. രുചിമുകുളങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുപുറമേ, വെർമിസെല്ലി സമീകൃതമായ ഒരു ഭക്ഷണക്രമത്തിനെ സഹായിക്കുന്നവയുമാണ്.പോഷകസമൃദ്ധവും ആകർഷകവുമായ ഓപ്ഷനുകൾ നൽകുന്നതിനുള്ള ഞങ്ങളുടെ സമർപ്പണത്തിന് അനുസൃതമായി ടാറ്റാ സമ്പൻ വെർമിസെല്ലി ശ്രേണി അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും ദീപിക ഭാൻ പറഞ്ഞു. ആരോഗ്യ അവബോധം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഉപയോക്താക്കൾ രുചിയിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ പോഷകാഹാരം തേടുന്ന സമയമാണിത്. ഞങ്ങളുടെ റോസ്റ്റഡ്, അൺറോസ്റ്റഡ്, മില്ലറ്റ് വെർമിസെല്ലി എന്നിവയുടെ ശ്രേണി ഈ വികസിച്ചുകൊണ്ടിരിക്കുന്ന മുൻഗണനകൾ നിറവേറ്റുന്നതിനും വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പര്യാപ്തമാണെന്നും ദീപിക ഭാൻ പറഞ്ഞു.200 ഗ്രാം റോസ്റ്റഡ് വെർമിസെല്ലി പായ്ക്കിന് 30 രൂപയും 200 ഗ്രാം അൺറോസ്റ്റഡ് വേരിയൻറിന് 22 രൂപയും മില്ലറ്റ് വെർമിസെല്ലി 180 ഗ്രാമിന് 30 രൂപയുമാണ് വില. തിരഞ്ഞെടുത്ത പ്രീമിയം ഔട്ട്ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് ചാനലുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും.

# ആസ്റ്റർ പി.എം.എഫിൽ ലിവർ കെയർ യൂണിറ്റ് ആരംഭിച്ചു

**കൊല്ലം:** ശാസ്താംകോട്ട ആസ്റ്റർ പി.എം.എഫ് ആശുപത്രിയിൽ ലിവർ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. കൊല്ലത്തും പരിസര പ്രദേശങ്ങളിലുമുള്ളവർക്ക് ഏറ്റവും മികച്ച കരൾ പരിചരണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയാണ് ലിവർ കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.ലിവർ കെയർ യൂണിറ്റിൽ ഗ്യാസ്ട്രോ മെഡിസിൻ, ഗ്യാസ്ട്രോ സർജറി, ലിവർ കെയർ തുടങ്ങി ആസ്റ്റർ മെഡ്സിറ്റിയിലെ വിവിധ സ്പെഷ്യലൈസ്ഡ് വകുപ്പുകളിൽ നിന്നുള്ള പരിചയസമ്പന്നരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കും. ലിവർ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമായതോടെ ആവശ്യമുള്ളവർക്ക് ലോകോത്തര നിലവാരത്തിലുള്ള ചികിത്സയും പരിചരണവും ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ കഴിയുമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.ചടങ്ങിൽ ജി.ഐ, എച്ച്.പി.ബി ആൻഡ് മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ. ബിജു ചന്ദ്രൻ, ആസ്റ്റർ മെഡ്സിറ്റിയിലെ ഇന്റഗ്രേറ്റഡ് ലിവർ കെയർ വിഭാഗം കൺസൾട്ടന്റ് ഡോ. വിവേക്, ആസ്റ്റർ പി.എം.എഫ് ക്ലിനിക്കൽ കോഡിനേറ്റർ ഡോ. രാഘവൻ തുടങ്ങിയവർ പങ്കെടുത്തു.കൊല്ലം ജില്ലയിൽ നിന്നുള്ള നിർധനരായ രോഗികൾക്ക് ചികിത്സാസഹായം ലഭിക്കുന്നതിനായി 702576767, 8111998163, 8129388744 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.



# തീരദേശ ഹൈവേ: നഷ്ടപരിഹാരത്തിൽ അവ്യക്തത

**കൊല്ലം:** തീരദേശ ഹൈവേക്ക് സ്ഥലം വിട്ടു നൽകുന്നവർക്കുള്ള നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യം. അലൈൻമെന്റ് സംബന്ധിച്ചും പരാതി ഉയരുന്നു. അതേ സമയം ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം ഇറങ്ങിയതോടെ സ്ഥലം പണയപ്പെടുത്തി വായ്പ എടുക്കാനോ വിൽപന നടത്താനോ കഴിയാതെ ഭൂവുടമകൾ വലയുന്നു.നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ചു വ്യക്തത വരുത്തുന്നതിന് ഓണത്തിന് മുൻപു ബന്ധപ്പെട്ട അധികൃതരുടെ യോഗം ചേരാൻ തീരുമാനിച്ചിരുന്നെങ്കിലും നടന്നില്ല.

നഷ്ടപരിഹാര പാക്കേജിൽ വ്യക്തത വേണമെന്നും അലൈൻമെന്റ് സംബന്ധിച്ചും വ്യാപകമായ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് ജില്ലയിൽ കല്ലിടൽ ജോലി നിർത്തി വച്ചിരിക്കുകയാണ്. അലൈൻമെന്റ് സംബന്ധിച്ച് ഒരു വിവരവും നൽകാതെയും ഭൂവുടമകളെ അറിയിക്കാതെയും കല്ലിട്ടതോടെയാണ് പ്രതിഷേധം ശക്തമായത്. ജനങ്ങളെ കുടിയൊഴിപ്പിക്കാതെ തീരത്തോടു ചേർന്ന് റോഡ് നിർമിക്കാവുന്ന സ്ഥലങ്ങളിൽ പോലും അതൊഴിവാക്കി ജനവാസ മേഖലയിലൂടെ കടന്നു പോകുന്ന വിധത്തിലാണ് കല്ല് ഇട്ടതെന്ന് പരാതി ഉയരുന്നു.

ജില്ലയിൽ 13 കിലോമീറ്റർ നീളത്തിലാണ് കല്ലിട്ടത്. പരവൂർ മുതൽ ഇരവിപുരം വരെയും തങ്കശ്ശേരി മേഖലയിലുമാണ് കല്ലിടൽ നടത്തിയത്. ഇരവിപുരം തെക്കുംഭാഗത്ത് കല്ലിടാൻ എത്തിയ ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞിരുന്നു.അതേ സമയം ഭൂമി സംബന്ധിച്ച് വിവരശേഖരണത്തിനായി അടുത്തിടെ വീടുകളിൽ എത്തിയ ഉദ്യോഗസ്ഥർ 13 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്നു ഉറപ്പു നൽകിയതായി തീരദേശവാസികൾ പറയുന്നു. നഷ്ടപരിഹാരത്തുക, അല്ലെങ്കിൽ 600 ചതുരശ്ര അടി വിസ്തീർണമുള്ള ഫ്ലാറ്റ് നൽകാമെന്നും പറഞ്ഞു. എന്നാൽ ഇതിൽ അസംതൃപ്തരാണ് ഭൂമി വിട്ടു നൽകുന്നവർ.

അറബിക്കടലിന് സമാന്തരമായി തിരുവനന്തപുരം പൊഴിയൂരിൽ നിന്നാരംഭിച്ച് കാസർകോട് കുഞ്ചത്തൂരിൽ അവസാനിക്കും. 9 ജില്ലകളിലൂടെ (തിരുവനന്തപുരം കൊല്ലം, ആലപ്പുഴ, എറണാകുളം തൃശൂർ, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസർകോട്) പാത കടന്നു പോകും. ആകെ 623 കിലോ മീറ്റർ നീളം. നാഷനൽ ട്രാൻസ്പോർട്ടേഷൻ ആൻഡ് റിസർച്ച് സെന്റർ 1993ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആരംഭിച്ചത്.

468 കിലോമീറ്റർ ദൈർഘ്യത്തിൽ ഹൈവേ നിർമിക്കുന്നത് കേരള റോഡ് ഫണ്ട് ബോർഡിന് ആണ് റോഡ് നിർമിക്കുന്നത്. 120 കിലോമീറ്റർ ഭാരത് മാല പദ്ധതിയുടെ കീഴിലും 35 കിലോമീറ്റർ മറ്റു പദ്ധതികളുടെ ഭാഗമായും നിർമിക്കും. സൈക്കിൾ പാതയും നടപ്പാതയും ഉണ്ടാകും. 6500 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്.

തീരദേശ ഹൈവേയുടെ നീളം 51.5 കിലോമീറ്റർ. ഇതിൽ ശക്തികുളങ്ങര മുതൽ ഇടപ്പള്ളിക്കോട്ട വരെ 9.5 കിലോമീറ്റർ ദൂരം നിലവിലുള്ള ദേശീയ പാതയാണ്. 41 കിലോമീറ്റർ നീളത്തിലാണ് പുതിയ പാതയ്ക്കു കല്ലിടുന്നത്. ഇതിൽ 13 കിലോമീറ്റർ നീളത്തിൽ കല്ലിട്ടു.

# കോവളം മാരത്തോണിന്റെ ഔദ്യോഗിക റേസ് ടീ ഷർട്ട് പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** യങ് ഇന്ത്യൻസ് ഡി.എൽ.ടി ലെഡ്ജേഴ്സ് കോവളം മാരത്തോൺ 2023ന്റെ ഔദ്യോഗിക ടീഷർട്ട് തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിൽ നടന്ന ചടങ്ങിൽ സിറ്റി പൊലീസ് കമീഷണർ നാഗരാജു പ്രകാശനം ചെയ്തു.സെപ്തംബർ 24 കോവളത്താണ് മാരത്തോൺ നടക്കുന്നത്.ശാരീരിക ക്ഷേമത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യം ബോധവൽക്കരിക്കുന്നതോടൊപ്പം സമുദ്ര സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ഫുൾ മാരത്തൺ (42.2 കി.മീ), ഹാഫ് മാരത്തൺ (21.1 കി.മീ), 10.കെ ഓട്ടം (10 കി.മീ), ഫൺ റൺ (അഞ്ച് കി.മീ), കോർപ്പറേറ്റ് റിലേ (അഞ്ച് കി.മീ) എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായിട്ടാണ് മാരത്തോൺ വിഭാവനം ചെയ്തിട്ടുള്ളത്. തലസ്ഥാന നഗരിയിൽ നടക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ആദ്യ ഫുൾ മാരത്തോൺ എന്ന സവിശേഷതയും കോവളം മാരത്തോണിനുണ്ട്.

ഫുൾ, ഹാഫ്, 10.കെ വിഭാഗങ്ങളിൽ 18 വയസ് മുതലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും പങ്കെടുക്കാൻ കഴിയും. അഞ്ച് കിലോമീറ്റർ വിഭാഗത്തിൽ 10 വയസ്സിന് മുകളിലുള്ള കുട്ടികൾക്കും പങ്കെടുക്കാൻ കഴിയും.

മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് മാത്രമാണ് മാരത്തോണിൽ പങ്കെടുക്കാൻ അവസരമുള്ളത്. ഇവർക്ക് റേസ് ടീ ഷർട്ടും വെള്ളം, ഇലക്ട്രോലൈറ്റുകൾ, ലഘുഭക്ഷണങ്ങൾ തുടങ്ങി നിർജലീകരണം ഒഴിവാക്കാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വിജയകരമായി പൂർത്തിയാക്കുന്നവ മുഴുവൻ പേർക്കും മെഡൽ ലഭിക്കും.

ഫുൾ, ഹാഫ്, 10 കെ മാരത്തോണുകളിൽ ഫിനിഷിംഗ് സമയം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനായി ആർ.എഫ്.ഐ.ഡി. ചിപ്പുകൾ ഘടിപ്പിച്ച ബിബുകൾ നൽകും.മാരത്തോണിലൂടെ സമാഹരിക്കുന്ന തുക സമുദ്രസംരക്ഷണത്തിനായി ചെലവഴിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഡി.എൽ.ടി ലെഡ്ജേഴ്സിന് പുറമേ, ആക്സിയ ടെക്നോളജീസ്, പ്യൂവർ ഹാർട്ട്, വാസുദേവ വിലാസം തുടങ്ങിയവരാണ് മറ്റ് പ്രധാന സ്പോൺസർമാർ.ടീഷർട്ട് പ്രകാശന ചടങ്ങിൽ യങ് ഇന്ത്യൻസ് തിരുവന്തപുരം ചാപ്റ്റർ ചെയർമാൻ അനിന്ദ് ബെൻ റോയ്, യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ കോചെയർമാൻ സാജൻ എസ്. നന്ദൻ, മാരത്തോണിന്റെ കോ കൺവീനറും റേസ് ഡയറക്ടറുമായ ഷിനോമോൾ പാലത്താനത്ത്, യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ കാലാവസ്ഥാ വിഭാഗം അധ്യക്ഷൻ ടെറൻസ് അലക്സ് തുടങ്ങിയവർ പങ്കെടുത്തു.




# ദേശീയ പോർട്ടലിലെ പ്രശ്നങ്ങൾ: ചികിത്സാ ആനുകൂല്യങ്ങൾ നഷ്ടമാകാതിരിക്കാൻ നടപടി

കാസ്പ് പദ്ധതി നടപ്പിലാക്കുന്ന ദേശീയ പോർട്ടലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് വരെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നിർദേശം നൽകി. ആശുപത്രികൾ രോഗികളുടെ കാസപ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള യോഗ്യത ഉറപ്പുവരുത്തുകയും, അതാത് ജില്ലാ കോർഡിനേറ്റർമാരുടെ അപ്രൂവൽ എടുത്തിനുശേഷം രോഗികൾക്ക് സൗജന്യ ചികിത്സ നൽകേണ്ടതുമാണ്. രോഗികൾക്ക് ചികിത്സാ സൗജന്യം മുടങ്ങാതിരിക്കുവാൻ ആശുപത്രികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും മന്ത്രി നിർദേശം നൽകി.

ആശുപത്രികൾ അതാത് ജില്ലാ കോർഡിനേറ്റർമാരിൽ നിന്നും ചികിത്സ ആനുകൂല്യത്തിനുള്ള അപ്രൂവൽ ഇമെയിൽ വഴി എടുക്കേണ്ടതും, പോർട്ടലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറക്ക് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

പോർട്ടലിലെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് എത്രയും വേഗം പരിഹരിക്കുവാൻ ശ്രമിക്കുന്നതാണെന്ന് എസ്.എച്ച്.എ. അറിയിച്ചിട്ടുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com